TAB

# TRICHUR ARCHDIOCESAN BULLETIN

2023 ജനുവരി വാല്യം: 90 ലക്കം: 01




**ശിമയോനും അന്നായും** (ലൂക്കാ 2.31)



# ആദരാഞ്ജലികൾ

**റവ. ഫാ. ലൂവീസ് എടക്കളത്തൂർ**

ജനനം : 12-10-1955

തിരുപ്പട്ടം: 01-01-1983

മരണം : 26-11-2022




Trichur Archdiocesan Bulletin TAB
ESTD: 1934

**ജനുവരി 2023**
ലക്കം: 01 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 9 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 15 |
| സഹായമെത്രാന്റെ പരിപാടികൾ | 16 |
| നാളാഗമം | 17 |
| നാമകരണ നടപടികൾ | 22 |
| വൈദികർ | 26 |
| സന്യസ്തർ | 32 |
| അതിരൂപത തീർത്ഥാടന കേന്ദ്രം | 39 |
| സാമ്പത്തിക കാര്യാലയം | 40 |
| മതബോധനം | 41 |
| സ്ഥാപനങ്ങൾ | 55 |
| സംഘടനകൾ | 89 |

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

2611/ 2022 C-11
14.12.2022

### യുവജന വർഷാചരണം
### യുവജനപ്രേഷിതത്വവും ദൈവവിളിയും

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

മാനവകുലത്തിന്റെ രക്ഷക്കായി ജന്മമെടുത്ത യേശുവിന്റെ തിരുപ്പിറവിക്കും പുതുവത്സരപിറവിക്കും ഒരുങ്ങുന്ന ഈ അവസരത്തിൽ അടുത്ത വർഷം (2023) നമ്മുടെ അതിരൂപതയിൽ യുവജനവർഷമായി ആചരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുവാനാണ് ഞാൻ ഇതെഴുതുന്നത്. നവീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടത്തിലൂടെയാണല്ലോ കേരളസഭ യാത്ര ചെയ്യുന്നത്. നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾക്ക് കാതോർത്ത്, ദൈവഹിതാനുസരണം സ്വയം നവീകരിക്കുന്ന കൂട്ടായ്മയാണ് സഭ. ദൈവാത്മാവിനാൽ പ്രചോദിതമായ വിവിധ അജപാലന പ്രവർത്തനങ്ങളിലൂടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്താനും അങ്ങനെ സഭാസമൂഹത്തെ യേശുവിൽ രൂപപ്പെടുത്താനും യുവജനവർഷമായി ആചരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ അതിരൂപത കുടുംബ ത്തിലെ ഇടവകകൾക്കും സംഘടന–പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും സമർപ്പിതസമൂഹങ്ങൾക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**2023 – യുവജനവർഷം**

തൃശൂർ അതിരൂപതയുടെ മൂന്നാംഅസംബ്ലിയുടെ (2018) അടിസ്ഥാനത്തിൽ നാം രൂപീകരിച്ച പൊതു അജപാലനനയത്തിന്റെയും അജപാലനപദ്ധതിയുടെയും ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് അഞ്ച് പ്രധാന പ്രവർത്തന മേഖലകളാണല്ലോ നിർദ്ദേശിച്ചിരുന്നത്. എന്നാൽ കോവിഡ് മഹാമാരി നമ്മുടെ അജപാലനപ്രവർത്തനങ്ങൾ മന്ദഗതിയിലാക്കി. അസംബ്ലി നിർദ്ദേശിച്ചിരുന്ന രണ്ട് പ്രവർത്തന മേഖലകളെ (കുടുംബ അജപാലനം: ശുശ്രൂഷകരും സംവിധാനങ്ങളും (2019), കുടുംബവും വിശ്വാസജീവിതവും (2020–2022) അടിസ്ഥാനപ്പെടുത്തി മാത്രമേ ഈ കാലയളവിൽ അജപാലനപദ്ധതി രൂപീകരിക്കാനും നടപ്പിലാക്കാനും നമുക്കു സാധിച്ചത്. മൂന്നാമത്തെ പ്രവർത്തന മേഖലയായ യുവജന പ്രേഷിതത്വവും ദൈവവിളിയുമാണ് 2023 വർഷത്തെ അജപാലനപദ്ധതിയുടെ അടിസ്ഥാനമായി നാം സ്വീകരിച്ചിരിക്കുന്നത്. ആയതിനാൽ അജപാലനപദ്ധതിയുടെ ഭാഗമായി യുവജനവർഷം ദനഹാതിരുന്നാൾ ദിനമായ 2023 ജനുവരി 6 മുതൽ അതിരൂപതയുടെ മധ്യസ്ഥയായ പ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ 2023 ഡിസംബർ 8 വരെയാണ് ആചരിക്കുന്നത്. യുവജനവർഷത്തിന്റെ വിവിധങ്ങളായ കാര്യങ്ങളും കേരളസഭ നവീകരണം 2022–2025 ന്റെ ഭാഗമായി കേരള മെത്രാൻ സമിതി നല്കിയ മാർഗ്ഗരേഖയെ അടിസ്ഥാനപ്പെടുത്തിയ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് 2023–ലെ അജപാലനപദ്ധതി തയ്യാറാക്കിയുട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങളുടെ ഒരു ടീം ഓരോ ഇടവകയിലും രൂപീകരിക്കേണ്ടതാണ്. യുവജനവർഷവുമായി ബന്ധപ്പെട്ട മറ്റു നിർദ്ദേശങ്ങൾ അതിരൂപത കാര്യാലയത്തിൽ നിന്ന് നല്കുന്നതാണ്.

**യുവജനോന്മുഖമായ പ്രവർത്തനങ്ങൾ**

സഭാനവീകരണത്തിന്റെ പ്രഥമഘട്ടം നടക്കേണ്ടത് കുടുംബങ്ങളിലാണ്. കുടുംബത്തിലും സഭയിലും ഏറ്റവും ശ്രദ്ധയും കരുതലും ഇന്ന് ആവശ്യം യുവവതീയുവാക്കൾക്കാണെന്നുള്ളത് സുവ്യക്തമാണ്. നാളത്തെ സഭയും സമൂഹവും ഇന്നത്തെ യുവതയുടെ തുടർന്നുള്ള ജീവിതത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കപ്പെടുന്നത്. യുവജനങ്ങൾ തങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്താൻ ശ്രമിക്കുമ്പോൾ ആവശ്യമായ ക്രിസ്തീയ അജപാലന ഇടപെടൽ നടത്താൻ 2023 വർഷത്തെ അജപാലന പ്രവർത്തനങ്ങൾ വഴി നമുക്ക് കഴിയണം. നാല് ഉപവിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് യുവതക്കായുള്ള 2023

വർഷത്തെ അജപാലന പദ്ധതി തയ്യാറാക്കേണ്ടത്.

1) യുവജന അജപാലനം ശുശ്രൂഷകരും സംവിധാനങ്ങളും (ജനുവരി–മാർച്ച്)
2) വിശുദ്ധിയിലേക്കുള്ള വിളി (ഏപ്രിൽ – ജൂൺ)
3) ഉത്തരവാദിത്വപൂർണമായ യുവത(ജൂലൈ – സെപ്തംബർ)
4) യുവജനങ്ങൾ നവസഭാസമൂഹ സൃഷ്ടികൾ (ഒക്ടോബർ– ഡിസംബർ).

ജനുവരി–മാർച്ച് മാസങ്ങൾ യുവജന അജപാലനത്തിനും ദൈവവിളി പരിപോഷണത്തിനും ആവശ്യമായ ഒരുക്കങ്ങൾ നടത്താനുള്ള ആദ്യഘട്ടമാണ്. എല്ലാ ഇടവകകളിലും ഫൊറോനകളിലും അതിരൂപതാതലത്തിലും അതിരൂപത അജപാലനപദ്ധതിയുടെ നിർദ്ദേശങ്ങളോട് ചേർന്ന് പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യുകയും യുവജന അജപാലകരെ പരിശീലിപ്പിക്കുകയും വേണം. അതിരൂപത തലത്തിലും ഇടവകതലത്തിലും യുവജനവർഷാ ചരണത്തിനുള്ള സമിതി, യുവജനങ്ങളെ പരിശീലിപ്പിക്കാനും സഹഗമിക്കാനും സഹായകമായ യൂത്ത് റിസോഴ്സ് ടീം തുടങ്ങിയവ രൂപീകരിക്കുക, യുവജനങ്ങളുടെ സാമൂഹിക–ആത്മീയ–അജപാലന സ്ഥിതിയെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിന് സഹായകമായ യുവജന സർവ്വേ നടത്തുക, സർവ്വെയുടെ വെളിച്ചത്തിൽ നടക്കുന്ന യുവജന അസംബ്ലികളിലൂടെ യുവജനങ്ങളുമായി സംവദിക്കുകയും യുവജനനയം രൂപീകരിക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഈ മാസങ്ങളിൽ ഊന്നൽ നല്കുമല്ലോ.

രണ്ടാമത്തെ ഘട്ടമായ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ അജപാലന പ്രവർത്തനങ്ങളിലൂടെ **വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള** ബോധ്യത്തിൽ യുവജനങ്ങളെ വളർത്തുകയെന്നതാണ് ലക്ഷ്യം വെക്കുന്നത്. പൗരോഹിത്യ–സമർപ്പിത– വിവാഹജീവിതങ്ങളിലേക്കുള്ള തങ്ങളുടെ വിളി തിരിച്ചറിയാനും സ്വീകരിക്കാനും ജീവിക്കാനും യുവജനങ്ങളെ ഒരുക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

യുവജനവർഷ–അജപാലന പദ്ധതിയുടെ മൂന്നാമത്തെ ഉപവിഷയം, **ഉത്തരവാദിത്വപൂർണമായ യുവതയെ** വാർത്തെടുക്കുകയെന്നതാണ്. ജൂലൈ–സെപ്തംബർ മാസങ്ങളിൽ ഈ ലക്ഷ്യത്തോടെയുള്ള പ്രവർത്തങ്ങൾക്ക് പ്രാധാന്യം നല്കണം. യുവജനങ്ങൾ കുടുംബത്തിലും, സഭയിലും സമൂഹത്തിലും ഉത്തരവാദിത്തപൂർണ്ണമായ ദൗത്യനിർവ്വഹണത്തിലേർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും വേണം. കുടുംബങ്ങളിലും ഇടവകകളിലും അതിരൂപതാതലത്തിലും യുവജനങ്ങൾക്ക് ഉത്തരവാദിത്വങ്ങൾ

ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യങ്ങൾ ഒരുക്കേണ്ടത് നാമെല്ലാവരുടേയും കടമയാണ്.

ഒക്ടോബർ-ഡിസംബർ മാസങ്ങളിൽ യുവജനങ്ങളെ നവസഭാ-സമൂഹ സൃഷ്ടികളാക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തങ്ങൾക്ക് മുൻഗണന നല്കാം. സഭയേയും സമൂഹത്തേയും രൂപപ്പെടുത്തുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നവരാണ് യുവജനങ്ങൾ. സഭാ-സാമൂഹ്യ-സാംസ്ക്കാരിക-രാഷ്ട്രീയ നേതൃത്വപരമായ പങ്കുവഹിക്കാൻ യുവജനങ്ങളെ ശക്തരാക്കുന്ന പ്രവർത്തങ്ങൾ ഈ അജപാലന പദ്ധതി മുന്നോട്ടുവെക്കുന്നു.

**യുവജനങ്ങളോട്**

പ്രിയയുവജനങ്ങളെ, നിങ്ങളോടുള്ള നമ്മുടെ അതിരൂപതയുടെ സ്നേഹവും കരുതലും പ്രഖ്യാപിക്കാനും നിങ്ങളെ കൂടുതൽ സ്നേഹത്തോടെ സഹഗമിക്കാനും നിങ്ങളുടെ ജീവിതയാത്രയിൽ അജപാലനശ്രദ്ധയും പിന്തുണയും നല്കാനും ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സന്തോഷം ആഘോഷിക്കാനും പങ്കുവെക്കാനും നമുക്ക് ഒരുച്ച് ഈ യുവജനവർഷത്തിൽ പരിശ്രമിക്കാം. യുവജനങ്ങൾക്കായുള്ള അജപാലനശുശ്രൂഷയിൽ പ്രധാന പങ്കുവഹിക്കാൻ നിങ്ങളേവരോടും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

**നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം**

കാലഘട്ടത്തിൻെറ സ്പന്ദനങ്ങളെ മനസ്സിലാക്കി ഏറ്റവും നല്ല രീതിയിൽ യുവജനഅജപാലന ശുശ്രൂഷകളെ ഒരുക്കാനും ക്രമപ്പെടുത്താനും സഹായിക്കുക എന്നതാണ് അജപാലന പദ്ധതി മാർഗ്ഗരേഖയുടെ ലക്ഷ്യം. അജപാലന പദ്ധതി 2023 ഓരോഇടവക കളിലും, കുടുംബങ്ങളിലും ഇടവകയിലും ഫൊറോനയിലും സമർപ്പിതസമൂഹങ്ങളിലും സംഘടനാ-പ്രസ്ഥാനങ്ങളിലും അതിരൂപതയിലും നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളുടെ മാതൃകയാണ്. ഓരോ ഇടവകയുടെയും, സ്ഥാപനത്തിന്റെയും സമർപ്പിതസമൂഹത്തിന്റെയും സംഘടനാ- പ്രസ്ഥാനത്തിന്റെയും അജപാലന സാഹചര്യം പരിഗണിച്ച് ഈ അജപാലനപദ്ധതിയിൽ നിന്നും പ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത് തങ്ങളുടേതായ അജപാലനപദ്ധതി ദൈവജനപങ്കാളിത്തത്തോടെ രൂപീകരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ. ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/പ്രസ്ഥാനങ്ങൾ തയ്യാറാക്കുന്ന യുവജന

വർഷ-അജപാലന പദ്ധതി 2023 ഫെബ്രുവരി 28ന് മുമ്പ് അതിരൂപത കാര്യാലയത്തിൽ നല്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. യുവജനവർഷ-അജപാലനപദ്ധതി തയ്യാറാക്കാൻ വേണ്ടസഹായം അതിരൂപത പാക്ടിൽ നിന്നും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. യുവജനവർഷാചരണവുമായി ബന്ധപ്പെട്ട മറ്റു നിർദ്ദേശങ്ങൾ അതിരൂപത കാര്യാലയത്തിൽ നിന്ന് അതതു സമയങ്ങളിൽ നല്കുന്നതാണ്.

ആത്മാവിൽ നിറഞ്ഞ ശിഷ്യസമൂഹം തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ട ശുശ്രൂഷാമേഖലകളെ സൂക്ഷ്മതയോടെ പ്രഘോഷണത്തിന്റെയും ദൈവരാജ്യസ്ഥാപനത്തിന്റെയും വേദികളാക്കി മാറ്റിയതുപോലെ അജപാലന പ്രവർത്തങ്ങൾക്ക് രൂപം കൊടുക്കാൻ പരിശുദ്ധാത്മാവിന്റെ കൃപ ബഹു. വൈദികർക്കും സമർപ്പിതർക്കും അല്മായനേതാക്കൾക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യുവജനവർഷാചരണം നമ്മുടെ അതിരൂപയിൽ ആത്മീയ- അജപാലന-സാമൂഹിക-സാസ്ക്കാരിക മേഖലകളിൽ നവീകരണത്തിനും പുരോഗതിക്കും കാരണമാകുന്നതിനായി നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ പ്രാർത്ഥനകൾ യാചിച്ചുകൊണ്ട് ആഗതമായ പിറവിതിരുന്നാളിന്റെയും നവവത്സരത്തിന്റെയും ആശംസകൾ ഏവർക്കും നേരുന്നു.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**NB:** ഈ സർക്കുലർ 2022 ഡിസംബർ 18 ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. **+AT**

## കച്ചേരി വാർത്തകൾ

ജനുവരി 2022

### 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : **പിറവി രണ്ടാം ഞായർ**
ന. കർത്താവിന്റെ നാമകരണം
വർഷാരംഭം
3 : വി. കുര്യാക്കോസ് ഏലിയാസ്
6 : **ദനഹാതിരുനാൾ** (കടമുള്ള ദിവസം)
*ആദ്യവെള്ളി*
8 : **ദനഹാ ഒന്നാം ഞായർ**
13 : വി. യോഹന്നാൻ മാംദാന
14 : വി. ദേവസഹായം
15 : **ദനഹാ രണ്ടാം ഞായർ**
14 : കുരിശിന്റെ വി. യോഹന്നാൻ
18–25 : സഭൈക്യവാരം
20 : വി. സെബസ്ത്യാനോസ്
22 : **ദനഹാ മൂന്നാം ഞായർ**
24 : വി. ഫ്രാൻസിസ് സാലസ്
25 : വി. പൗലോസിന്റെ മാനസാന്തരം
26 : ഇന്ത്യൻ റിപ്പബ്ലിക് ദിനം
വി. തിമോത്തിയോസും തീത്തോസും
27 : വി. സുവിശേഷകന്മാർ
28 : വി. തോമസ് അക്വീനാസ്
29 : **ദനഹാ നാലാം ഞായർ**
30 : മൂന്നുനോമ്പ്
ലോകസമാധാനദിനം
31 : വി. ജോൺ ബോസ്കോ

2. **ജനുവരി മാസത്തെ പരിപാടികൾ**

ജനുവരി 16–19: നവവൈദികർക്കുള്ള പരിശീലനം

19 : ആലോചനസമിതി യോഗം (03:00 pm)

26 : മതബോധന സർവ്വീസ് അവാർഡ് (10:30 am)

3. **ദനഹാക്കാലം**

ഉദയം, പ്രത്യക്ഷവത്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർഥം വരുന്ന പദമാണ് 'ദനഹാ'. ദനഹാക്കാലത്തിൽ, യോർദ്ദാൻ നദിയിൽ വച്ച് ഈശോയുടെ മാമ്മോദീസ വേളയിൽ ആരംഭിച്ച അവിടുത്തെ പ്രത്യക്ഷവത്കരണമാണ് അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പുത്രനും പരിശുദ്ധാത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (മത്താ. 3:7). പരിശുദ്ധ ത്രിത്വരഹസ്യം ഈശോമിശിഹായുടെ മാമ്മോദീസയിൽ വെളിവാക്കപ്പെട്ടു.

ജനുവരി 6ന് ആഘോഷിക്കുന്ന കർത്താവിന്റെ ദനഹാതിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടികുത്തി'പ്പെരുന്നാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി'പ്പെരുന്നാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തംകൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (ഏൽ പയ്യ) എന്ന് ആർത്തുവിളിച്ചിരുന്ന പതിവിൽ നിന്നാണ് പിണ്ടികുത്തിപ്പെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി നമ്മുടെ പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളി (ritual bath) യിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക–ദൈവികസ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വി. ഗ്രന്ഥപ്രഘോഷണങ്ങളാണ് ഈ കാലയളവിൽ നാം പ്രധാ

നമായും ഉപയോഗിക്കുക. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെതന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയും പറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്. ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

4. **വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**
പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2023 ഫെബ്രുവരി 2ന് ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10–01–2023നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധികാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 9–ാം തീയതിയായിരിക്കും സ്ഥലമാറ്റം പ്രാബല്യത്തിൽ വരുന്നത്.

5. **സഭാപരമല്ലാത്ത വിവാഹത്തിലെ ശിശുക്കൾക്ക് മാമ്മോദീസ:**
നിലവിലുള്ള അതിരൂപതാ നിയമാവലിയനുസരിച്ചും (251 §3) അതിരൂപതയുടെ പൊതുനയമനുസരിച്ചും, സഭാപരമല്ലാത്ത വിവാഹത്തിലെ ശിശുക്കൾക്ക് (പരസ്യപാപികളുടെയും വിശ്വാസം ത്യജിച്ചു ജീവിക്കുന്നവരുടെയും ശിശുക്കൾക്കുൾപ്പെടെ) തിരിച്ചറിവിന്റെ പ്രായത്തിലോ മതപഠനം ആരംഭിക്കുന്ന സമയത്തോ ആണ് അതിരൂപതാ കാര്യലയത്തിൽനിന്നുള്ള അനുവാദത്തോടെ മാമോദീസ നൽകിയിരുന്നത്. 2022 നവംബർ 18ന് കൂടിയ ഇന്റർ എപ്പാർക്കിയൽ കൂരിയമീറ്റിംഗിലും 2022 നവംബർ 30ന് നടന്ന അതിരൂപതയിലെ വൈദികസമ്മേളനത്തിലും നടത്തിയ ചർച്ചകളുടെ വെളിച്ചത്തിൽ, മേൽപറഞ്ഞ രീതിയിലുള്ള വിവാഹബന്ധത്തിൽനിന്നുള്ള ശിശുക്കൾക്ക് ഒരു വയസ്സായതിനുശേഷം മാത്രം അതിരൂപതാ കാര്യാലയത്തിൽനിന്നുള്ള അനുവാദം ലഭ്യമാക്കി മാമോദീസ നൽകാവുന്നതാണ്. ശിശുക്കളെ ഉത്തമക്രൈസ്തവരായി വളർത്തിക്കൊള്ളാമെന്ന ജ്ഞാനസ്നാന

മാതാപിതാക്കളുടെ രേഖാമൂലമുള്ള ഉറപ്പോടുകൂടിയ അപേക്ഷയിൽ ഇടവകവികാരിയുടെ (ശിശുവിന്റെ രക്ഷിതാവിന്റെ ഇടവകവികാരി) ശുപാർശയിന്മേലാണ് ഇത്തരത്തിലുള്ള മാമ്മോദീസകൾക്ക് അനുവാദം കൊടുക്കുന്നത്. ഈ അപേക്ഷയിൽ ശിശുക്കളുടെ മാതാപിതാക്കളുടെ ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

## യുവജനവർഷാചരണം

പ്രിയ ബഹുമാനപ്പെട്ട വികാരിയച്ചാ,

നമ്മുടെ അതിരൂപതയുടെ മൂന്നാംഅസംബ്ലി നിർദ്ദേശങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ അജപാലന പദ്ധതിയനുസരിച്ച് 2023 ജനുവരി 6 മുതൽ ഡിസംബർ 8 വരെ യുവജനവർഷമായി നാം ആചരിക്കുകയാണ്. പ്രളയത്തിനും കൊറോണ മഹാമാരിക്കും ശേഷം അജപാലനരംഗത്ത് വന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ, സഭയിലെ അജപാലനം ഏറ്റവും കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ട മേഖല യുവജനങ്ങളാണല്ലോ. യുവജനങ്ങളെ സഭയോട് ചേർത്തുനിർത്താനും ആത്മീയ ഉണർവേകി വിശ്വാസത്തിൽ ഉറപ്പിച്ച് അജപാലനരംഗം ശക്തമാക്കാനും യുവജന വർഷത്തിലെ അജപാലന ഇടപെടലുകളിലൂടെ നാം ആഗ്രഹിക്കുന്നു. അജപാലന പദ്ധതി 2023 നെ കുറിച്ചും യുവജനവർഷ ത്തെക്കുറിച്ചും അഭിവന്ദ്യമെത്രാപ്പോലീത്ത ഡിസംബർ 18 ലെ സർക്കുലറിലൂടെ നല്കിയ നിർദ്ദേശങ്ങളനുസരിച്ച് ജനങ്ങളെ യുവജനവർഷാചരണത്തിനായി ഒരുക്കുമല്ലോ. യുവജനവർഷാചരണവുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങളും വിവരങ്ങളും നിങ്ങളുമായി പങ്കുവെക്കട്ടെ.

**1. യുവജനവർഷംഉദ്ഘാടനം ഇടവകയിലും അതിരൂപതയിലും**

അതിരൂപതാതലത്തിൽ 2023 ജനുവരി 6–ന് ദനഹാ തിരുനാൾ ദിന ത്തിൽ, ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽവച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉത്ഘാടനം ചെയ്യും. ഇടവകതലത്തിൽ ആറാം തിയ്യതിയോ അല്ലെങ്കിൽ അതിന് ഏറ്റവും അടുത്ത ഞായറാഴ്ചയോ (ജനുവരി 8/15) യുവജനവർഷം ഉത്ഘാടനം ചെയ്യാവുന്നതാണ്.

**2. ലോഗൊ പ്രകാശനം**

യുവജനവർഷത്തിന്റെ ലോഗോ തിരഞ്ഞെടുക്കുന്നതിനായി വിവിധ സംഘടനാ പ്രവർത്തകരുടെ സഹകരണത്തോടെയുള്ള ആലോചനകളും പ്രവർത്തനങ്ങളും സൗഹൃദമത്സരവും നടന്നുവരുന്നു. സൗഹൃദമത്സരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ലോഗോ ജനുവരി 1 തിയ്യതി പ്രകാശനം ചെയ്യുന്നതാണ്.

**3. യുവജനവർഷാചരണ ടീം അതിരൂപതയിൽ**

യുവജനവർഷാചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ ബഹു. അജിത്ത് തച്ചോത്ത് അച്ചൻ വർക്കിങ്ങ് ചെയർമാനായി ഒരു സമിതി അതിരൂപത യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

**4. യുവജനവർഷാചരണ ടീം രൂപീകരണം – ഇടവകയിൽ**

ഇടവകതലത്തിലും യുവജനവർഷാചരണ ടീം രൂപീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രധാനമായും ആറ് പ്രർത്തനങ്ങളാണ് ഇടവകയിലും അതിരൂപതയിലും ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കേണ്ടത്: യുവജന സർവ്വേ, യുവജന കുർബ്ബാന, യുവജനക്യാമ്പുകളും ധ്യാനങ്ങളും, യുവജന അസംബ്ലി, യുവജനോത്സവം, യുവജന ദിനാചരണം. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ ബഹു. വികാരിയച്ചനെ സഹായിക്കാൻ ഉചിതരായവരെ ഉൾപ്പെടുത്തി ഈ ടീമിനു രൂപം നല്കാൻ ശ്രദ്ധിക്കുമല്ലോ. താഴെ പറയുന്നവരെ ഉൾപ്പെടുത്തിയാണ് യുവജനവർഷാചരണ ടീം രൂപീകരിക്കേണ്ടത്:

a. കെ.സി.വൈ.എം., സി.എൽ.സി., ജീസസ് യൂത്ത് എന്നീ യുവജന സംഘടനകളിൽ നിന്ന് ഓരോ യുവജനപ്രതിനിധി വീതം.
b. മറ്റ് പ്രസ്ഥാനങ്ങളിൽ നിന്ന് (മതബോധനം, വിൻസെന്റ് ഡി പോൾ, ഗായകസംഘം തുടങ്ങിയവ) രണ്ട് യുവജന പ്രതിനിധികൾ
c. കുടുംബകൂട്ടായ്മയിൽ നിന്നും ഒരു യുവജനപ്രതിനിധി.
d. പ്രതിനിധിയോഗത്തിലെ യുവജനപ്രതിനിധികളിൽ നിന്ന് ബഹു. വികാരിയച്ചൻ നാമനിർദ്ദേശം ചെയ്യുന്നയാൾ.
e. കൈക്കാരൻമാരിൽ നിന്ന് ഒരാൾ
f. പാക്ടിൽ നിന്ന് ഒരാൾ
g. ഇടവകവികാരി നാമനിർദ്ദേശം ചെയ്യുന്ന രണ്ട് യുവജനപ്രതിനിധികൾ (ഒരു യുവാവും ഒരു യുവതിയും).
h. യുവജനസംഘടനകളുടെ ആനിമേറ്റർമാരിൽ നിന്ന് ഒരു ആനിമേറ്റർ.

മേൽ പറഞ്ഞ അംഗങ്ങൾ ഉൾപ്പെടുന്ന സമിതി രൂപീകരിച്ച് ഒരു കൺവീനറേയും സെക്രട്ടറിയേയും തിരഞ്ഞെടുത്ത് അവരുടെ പേരുകൾ

**2023 ജനുവരി 15**നു മുമ്പ് അതിരൂപതയിലേക്ക് അയച്ചു നല്കുമല്ലോ.

**5. യുവജനവർഷാചരണ പ്രാത്ഥന**

യുവജനവർഷത്തിൽ വി. ബലിയിലും കുടുംബപ്രാർത്ഥനയിലും ഇതിനോടൊപ്പം നല്കിയിരിക്കുന്ന പ്രാർത്ഥന അർപ്പിച്ച് യുവജനങ്ങൾക്കുവേണ്ടിയും യുവജനവർഷാചരണത്തിന്റെ വിജയത്തിനുവേണ്ടിയും മദ്ധ്യസ്ഥം വഹിക്കാം.

സ്നേഹമുള്ള അച്ചൻമാരെ, വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന യുവജനവർഷത്തിലെ പ്രവർത്തനങ്ങളുടെ വിജയത്തിനായി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇടവകകളിലെ സമർപ്പിതരെയും, അൽമായ നേതാക്കളെയും യുവജനങ്ങളെയും കൂട്ടായ്മയിൽ നയിക്കാൻ നമുക്കു പരിശ്രമിക്കാം, യുവജനശുശ്രൂഷകളുടെ നവീകരണത്തിനും യുവജനങ്ങളുടെ ശാക്തീകരണത്തിനുമായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

ആശംസകളോടെ,
**മാർടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ

# ENGAGEMENTS

## 2023 JANUARY Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Afternoon | Blessing of new Church at Aloor |
| 02 | Mon | Morning | Priestly Ordination of Dn. Paulose Mavely at Karukutty |
| 05 | Thu | Morning | Priestly Ordination of Dn. Akhil at Ernakulam |
| | | Afternoon | Jubilee Celebration of Nirmaladassi Sisters at Mulayam |
| 06 | Fri | Morning | Inauguration of Youth Year: Holy Mass at Lourdes CathedralInauguration of the International Conference at St. Thomas College, Thrissur |
| 06-14 | | | Syro-Malabar Bishops’ Synod |
| 08 | Sun | | Installation of Chaldean Metropolitan Mar Augin |
| 17 | Tue | Morning | Conclusion of Golden Jubilee of Pontifical Institute: Homily at Carmalgiri Seminary |
| 18 | Wed | Morning | Priestly Ordination of Dn. Johnpaul Pulikkottil OFM Cap. At Athani Parish |
| | | Evening | Reception to New Priests at Archbishop’s House |
| 19 | Thu | Morning | Jyothi Trust Meeting |
| | | Afternoon | Consulters Meeting |
| 20 | Fri | Morning | Blessing of New School building at Pudukkad |
| | | Evening | JMMC Trust Meeting |
| 21 | Sat | Morning | Priestly Ordination of Dn. Jithin Marokey OFM Cap. At Chittilappilly Parish |
| 22 | Sun | Morning | Golden Jubilee Celebrations of FCC: at Guruvayur LF College |
| 25 | Wed | Afternoon | First Profession of Samaritan Sisters at Mannuthy |
| 26 | Thu | Morning | JY Pioneers’ gathering at St. Thomas College |
| | | Afternoon | Catechism Merit Day and Service Award Day |
| 29 | Sun | Morning | Blessing of New Church at Vallachira |

# ENGAGEMENTS

**2023 JANUARY Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 2 | Mon | Morning | Ordination @ Padavarad Dn. Emmanuel |
| | | Evening | Aloor - Kodimaram Blessing |
| 3 | Tue | Morning | Fourth child Baptism at Vellanikode |
| 4 | Wed | Morning | Fourth Child Baptism at Ammadam |
| 5 | Thu | Evening | Fourth Child Baptism at Varakkara |
| 6-14 | Fri | All Days | Synod of Bishops |
| 16-19 | Mon | All Days | Training programme for New Priest |
| 21 | Sat | Morning | Grace Home Holymass Jubilee |
| 22 | Sun | Morning | Pazhunnana Presbytery Blessing |
| | | Morning | Golden Jubilee FCC @ Guruvayoor L. F. |
| 23 | Mon | Evening | Holy Mass @ Vadookara Sneharam Con. |
| 26 | Thu | Morning | Holy Mass - St. Annes Orphanage Centenary Celebration Conclusion |
| | | Afternoon | Catechism Merit Day |
| 27 | Fri | Evening | Retreat Inaguration @ Norbertine Ashramam |
| 29 | Sat | Morning | Madbaha Blessing @ Thangalur |
| | | Afternoon | Blessing of New Church at Muttichoor<br>Meeting Inauguration at Vallachira |

# നാളാഗമം

നവംബർ 2022

1. താമരശ്ശേരി രൂപതയിലെ മാർ അലക്സ് താരാമംഗലം പിതാവിന്റെ മെത്രാഭിഷേകകർമ്മത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
2. സകല മരിച്ചവരെയും അനുസ്മരിച്ചു കൊണ്ട് തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലിയർപ്പിച്ചു. എഫ്. സി. സി. കോൺഗ്രിഗേഷനിലെ ഈ വർഷം പ്രഥമവ്രതവാഗ്ദാനം നടത്തുന്ന സന്യാസ അർത്ഥിനികളുമായി സംവദിച്ചു. വൈകിട്ട് ഓൺലൈൻ പെർമനന്റ് സിനഡ് ഉണ്ടായിരുന്നു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സകലമരിച്ചവർക്കുമായുള്ള വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജ് പാട്രൻസ് ഡേയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. ഗ്ലോബൽ കത്തോലിക്കാകോൺഗ്രസിന്റെ ലഹരിക്കെതിരായ കാൻ ഉദ്ഘാടനം ചെയ്തു. ജൂബിലിയിൽ ടാലന്റ്സ് ഡേയിൽ പങ്കെടുത്തു.
3. രാവിലെ ആൻഡ്രൂസ് പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ ഹോം ഡേ ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ മേജർ സെമിനാരി ഹോം ഡേയിൽ പങ്കെടുത്തു. മുണ്ടൂർ എഫ്. സി.സി. സിസ്റ്ററുടെ മൃതസംസ്കാരത്തിൽ പങ്കെടുത്തു.
4. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൊന്നൂക്കരയിൽ മർത്താസിസ്റ്ററുടെ മൃതസംസ്കാരത്തിൽ പങ്കെ

ടുത്തു. ലൂർദ്ദ് പള്ളിയിൽ തിരുനാൾ കൊടിയേറ്റം നടത്തി. കുറ്റൂർ ഇടവകയിലെ വാർഷികധ്യാനത്തിന്റെ ഉദ്ഘാടനം നടത്തി.

5. മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുടെ 49-ാം ചരമവാർഷികത്തിന്റെ ഭാഗമായി രാവിലെ കരാഞ്ചിറ വിശുദ്ധ വി. പത്താം പീയൂസിന്റെ നാമധേയത്തിലുള്ള കോൺവെന്റിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് തൃശ്ശൂർ മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് മൈനർ സെമിനാരി ഹോം ഡേയുടെ ഭാഗമായി പൊതു യോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അരണാട്ടുകര ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മാദീസ നടത്തി. മൈനർ സെമിനാരി ഹോംഡേയിൽ പങ്കെടുത്തു.

6. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡി.ബ.സി.എൽ.സി.യിൽ നടക്കുന്ന അതിരൂപതാ പ്രതിഭാ ക്യാമ്പ് ഉദ്ഘാടനം നടത്തി. ഉച്ചക്ക് കെ.സി.വൈ.എം. യുവജനസംഘമത്തിൽ പങ്കെടുത്തു.

6-11 ബാംഗ്ലൂരു സെന്റ്. ജോൺസ് മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച സി.ബി.സി.ഐ. പ്ലീനറി യോഗത്തിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ വച്ച് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിനെ സി.ബി.സി.ഐ. പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്ത് അവാർഡുകൾ വിതരണം ചെയ്തു. വൈകീട്ട് തൃശ്ശൂർ ശക്തൻ നഗർ വച്ച് നടന്ന ദൈവശബ്ദം കൺവെൻഷനിൽ അഭിവന്ദ്യ താഴത്ത് പിതാവ് സന്ദേശം നൽകി. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വേലൂർ ഡീ. റിജോ തൈക്കാട്ടിന് തിരുപ്പട്ടം നൽകി. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം നൽകി.

12-14 മാർ ടോണി നീലങ്കാവിൽ പിതാവ് ഗുരുവായൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

13. ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ ആൻഡ്രൂസ് പിതാവ് തിരുനാൾ കുർബാന അർപ്പിച്ചു. കോടന്നൂർ ഇടവകയിൽവച്ച് അഭിവന്ദ്യ താഴത്ത് പിതാവ് ഡീക്കൻ ജിസ് ആലപ്പാട്ടിന് (കപ്പൂച്ചിൻ) തിരുപ്പട്ടം നൽകി. അരമനയിൽ വെച്ച് ജ്യോതി എൻജിനീയറിങ് കോളേജ് ട്രസ്റ്റ് യോഗത്തിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. വൈകീട്ട് പെരിഞ്ചേരി ഇടവകയിലെ യൂത്ത് മീറ്റിൽ പിതാവ് സംബന്ധിച്ചു സന്ദേശം നൽകി.

14. ഒല്ലൂക്കര ഇടവകയിൽ വെച്ച് പള്ളിപ്പാടൻ സിജോ–സോഫിയ ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന് ആൻഡ്രൂസ് പിതാവ് മാമോദിസ നൽകി. തുടർന്ന് ചിറ്റിലപ്പള്ളി ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ജോസ് തെക്കേക്കര അച്ചന്റെ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് ആശംസകൾ നേർന്നു. മാർ ടോണി നീലങ്കാവിൽ പിതാവ് പോപ്പ് പോൾ ബി.എഡ് കോളേജിലെ അക്കാദമിക് ഇയർ ഉദ്ഘാടനം ചെയ്തു.

17. മീഡിയ കത്തോലിക്കാ സിൽവർ പ്ലേ ബട്ടൺ ആഘോഷത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. തുടർന്ന് ഏങ്ങണ്ടിയൂർ എം. ഐ. ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗ് ബിഷപ്പ്സ് ഹൗസിൽ ചേർന്നപ്പോൾ സംബന്ധിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് വെണ്ടോർ ഇടവകയിൽ ആലപ്പാട്ട് ജോഷി–സിമി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. വൈകിട്ട് മനക്കൊടി സാവിയോ ഹോമിൽ പുതുക്കിപ്പണിത ദൈവാലയം ആശിർവദിച്ചു. മേരിമാതാ മേജർ സെമിനാരിയിൽ സംഘടിപ്പിച്ച ഇന്റർ കൂരിയ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് മുളയത്തെ നിർമ്മല ദാസി സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും പുതിയ ജനറൽ ടീമിനെ അഭിനന്ദിക്കുകയും ചെയ്തു. തുടർന്ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് സമർപ്പിതരുടെ ജൂബിലി സംഗമത്തിൽ പങ്കെടുത്തു. അതിനുശേഷം മരിയാപുരത്ത് എം. എം. ബി. ഭവനത്തിൽ ജൂബിലി ആശംസകൾ നേർന്നു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. പൂത്തൂർ ശതാബ്ദിയോടനുബന്ധിച്ച് കാരുണ്യഭവനം വെഞ്ചിരിച്ചു. ഏങ്ങണ്ടിയൂർ ദൈവാലയത്തിൽ എഫ്.സി.സി. സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണചടങ്ങിൽ പങ്കെടുത്തു. വൈകീട്ട് കരുമത്രയിൽ വി.കുർബ്ബാനയർപ്പിച്ചു.

20. ക്രിസ്തുരാജന്റെ തിരുനാൾ ചേറൂർ ക്രൈസ്റ്റ് വില്ലയിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധബലിയോടെ ആഘോഷിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൂമലയിൽ വി. ബലിയർപ്പിച്ചു. വിശ്വാസപരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ലഹരിവിരുദ്ധ ദിനാചരണത്തിൽപങ്കെടുത്തു. വീണ്ടശ്ശേരി ദൈവാലയത്തിൽ വൈകീട്ട് വി. ബലിയർപ്പിച്ചു.

21. നടത്തറ ഇടവകയിൽ മാളിയേക്കൽ നിക്സന്റെ ഏഴാമത്തെ കുട്ടിയുടെ മാമോദിസയ്ക്ക് അഭിവന്ദ്യ താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പാലയൂരിൽ വച്ച് മാതൃവേദി സംഘടിപ്പിച്ച മെഗാ റമ്പാൻ പാട്ട് മത്സരം ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് പാലയൂർ കടൽത്തീരത്ത് വച്ച് മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും കടലും വെഞ്ചിരിക്കുന്ന തിരുകർമ്മത്തിൽ പിതാവ് കാർമ്മികത്വം വഹിച്ചു.

23. മാർ ടോണി നീലങ്കാവിൽ പിതാവ് ഏങ്ങണ്ടിയൂർ എം.ഐ. ഹോസ്പിറ്റൽ ഹോംഡേയിൽ പങ്കെടുത്തു. മനക്കൊടി സാവിയോഹോമിൽവി. ബലിയർപ്പിച്ചു.

24. ഒളരിക്കര ഇടവകയിൽ വച്ച് അഭിവന്ദ്യ താഴത്ത് പിതാവ് ബഹുമാനപ്പെട്ട സിസ്റ്റർ ഓസ്വാൾഡ് സി. എച്ച്. എഫ്.ന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. മാർ ടോണി നീല ങ്കാവിൽ പിതാവ് പി.ഒ.സി. യിൽ സഭാനവീകരണ സെമിനാറിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിക്കര ഇടവകയിൽ കല്ലറയ്ക്കൽ ബിജോയ്–ഡിൻസി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് മാമോദിസ നൽകി. തുടർന്ന് ഫൊറോനാ വികാരിമാരുടെ യോഗത്തിലും ഉച്ചയ്ക്കുശേഷം ആലോചന സമിതി യോഗത്തിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പല്ലൂർ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് ബസിലിക്കയിൽ വി. ബലിയർപ്പിച്ചു.

27. തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്കയിൽ തിരുനാൾ കുർബാനക്ക് അഭിവന്ദ്യ താഴത്ത് പിതാവ് കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ബഹുമാനപ്പെട്ട ജയ്സൺ പുന്നശ്ശേരി അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു. തുടർന്ന് അവിണിശ്ശേരി ദൈവാലയത്തിന്റെ പത്താമത്തെ വാർഷിക ആഘോഷത്തിലും പങ്കെടുത്തു. കുരിയച്ചിറ ഇടവകയിൽ സംഘടിപ്പിച്ച ബൈബിൾ കൺവെൻഷനിൽ പങ്കെടുത്ത് സന്ദേശം നൽകി. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അമ്മാടം ഇടവകയിൽ വി. ബലിയർപ്പിച്ചു. പൂച്ചിന്നിപ്പാടം ഇടവകയുടെ ജൂബിലി ഉദ്ഘാടനം നടത്തി. വൈകീട്ട് പഴുവിൽ ഇടവകയിൽ വി. ബലിയർപ്പിച്ചു.

28. രാവിലെ മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. ശക്തൻ നഗറിൽ വച്ച് ബോൺ നത്താലെയുടെ ഭാഗമായി നടത്തുന്ന എക

്സിബിഷന്റെ കാൽനാട്ടുകർമ്മം താഴത്ത് പിതാവ് നിർവഹിച്ചു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യപിതാക്കൻമാർ ബഹുമാനപ്പെട്ട ലൂയിസ് എടക്കളത്തൂർ അച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് ആളൂർ ഇടവകയിൽ കാർമ്മികത്വം വഹിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പാലയൂരിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

29. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കല്ലൂർ വെസ്റ്റ് ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

30. പുല്ലഴിയിൽ വച്ച് അഭിവന്ദ്യ താഴത്ത് പിതാവ് ലൂയിസ് എടക്കളത്തൂർ അച്ചന്റെ ബഹുമാനാർത്ഥം വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് വൈദികസമ്മേളനത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

**വിശ്വാസം, പ്രത്യാശ,**
**സ്നേഹം ഇവ മൂന്നും**
**നിലനിൽക്കുന്നു.**
**എന്നാൽ, സ്നേഹമാണ്**
**സർവോത്കൃഷ്ടം.**

*1 കോറിന്തോസ് 13 : 12-13*

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

10.12.2022 ൽ ഡിസംബർ മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ വെച്ച് ആചരിച്ചു. എറണാകുളം അങ്കമാലി അതിരൂപതയിലെ വള്ളുവള്ളി ഇടവക വികാരി ബഹു. സൈമൺ പള്ളുപേട്ട അച്ചനും എളമക്കര, കൂനമ്മാവ്, തൃക്കാക്കര എന്നിവിടങ്ങളിലെ ചാരിറ്റി സിസ്റ്റേഴ്സും ഇടവകജനങ്ങളുമാണ് വി. ബലിയർപ്പണത്തിനും, ആരാധനയ്ക്കും, ജപമാലയർപ്പണത്തിനും നേതൃത്വം നല്കിയത്. തന്റെ അപ്പച്ചന് ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനുമായുണ്ടായിരുന്ന സൗഹൃദം ഓർത്തെടുത്തുകൊണ്ടാണ് ബഹു. സൈമണച്ചൻ തന്റെ സന്ദേശത്തിന് തുടക്കം കുറിച്ചത്. ഊക്കനച്ചൻ ഒരു റോൾ മോഡലായിരുന്നു. പ്രത്യേകിച്ചും എളിമയുടെ കാര്യത്തിൽ. മാംസം ധരിച്ച വചനമായ യേശുവിലാണ് ആത്മീയാചര്യനായ ഊക്കനച്ചൻ എളിമയുടെ ആഴം ദർശിച്ചത്. ഈ എളിമയുടെ, സ്നേഹത്തിന്റെ പാഠം സ്വജീവി



തത്തിൽ പ്രാവർത്തികമാക്കുന്നതിൽ അദ്ദേഹം പരമാവധി പരിശ്രമിക്കുകയുണ്ടായി. പരി. അമ്മയെയാണ് അതിന് ഊക്കനച്ചൻ കൂട്ട് പിടിച്ചത്. ദൈവത്തിന് പിറക്കാൻ മാംസവും രക്തവും ഇടവും നൽകാൻ തയ്യാറാണോയെന്ന മാലാഖയുടെ ചോദ്യത്തിന് "ഇതാ കർത്താവിന്റെ ദാസി നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ"യെന്ന് പ്രത്യുത്തരിച്ചുകൊണ്ട്, ദൈവത്തിന് പിറക്കാൻ അമ്മ സമ്മതം നല്കി. തന്റെ സ്വപ്നങ്ങളെ മാറ്റിവെച്ചുകൊണ്ട് ദൈവസ്വപ്നങ്ങളെ തന്റേതാക്കി മാറ്റി. അങ്ങനെ ദൈവവചനത്തിനെ മാംസം ധരിച്ചു.

വചനത്തെ മാംസം ധരിപ്പിക്കൽ അത്ര എളുപ്പമല്ല, അതിന് എളിമയുണ്ടാകണം, തന്റെ ഇഷ്ടങ്ങളെ വേണ്ട എന്നു വെയ്ക്കണം, ജീവിക്കാൻ അനുവദിക്കണം, വളർത്തണം...പ്രയാസകരമാണത്. പരി. അമ്മയുടെ ഈ മാതൃക അനുകരിച്ച് ഊക്കനച്ചനും ദൈവവചനത്തെ മാംസം ധരിപ്പിക്കാൻ വേണ്ടി തന്റെ ജീവിതം നീക്കിവെച്ച് എളിമയുടെ ഒരു മാതൃകയായിത്തീർന്നു. മഹനീയവും ഉയർത്തപ്പെട്ടതുമായ അവസ്ഥയിൽ ഈ പുണ്യപിതാവ് ഇന്നായിരിക്കുമ്പോൾ, വിനയത്തിന്റെയും എളിമപ്പെടുത്തലുകളുടെയും ഒരു പൂർവ്വകാല വേര് അദ്ദേഹത്തെ ഉറപ്പിച്ചിരിക്കുന്നതായി കാണാം. നമ്മളും അതുപോലെയാകണം. എത്രയെത്ര വളർന്നാലും എല്ലാം തമ്പുരാന്റെ ദാനങ്ങളാണെന്ന് തിരിച്ചറിയണം. അവ മറക്കരുത്. പ്രാർത്ഥനകൾക്ക് പ്രവൃത്തിയുടെ പരിരക്ഷയുണ്ടാകണം. മൊത്തത്തിലും തത്വത്തിലും നാം നല്ല ക്രിസ്ത്യാനികളായിരിക്കും. പക്ഷെ ചിത്തത്തിനുള്ളിൽ നന്മയുള്ളവരും, വചനത്തെ മാംസം ധരിപ്പിക്കുന്നവരും ആണോയെന്ന് കണ്ടെത്തണം. 'ദൈവം നമ്മോടുകൂടെയുണ്ട്' എന്ന ബോധ്യത്തോടെ, നമുക്കും അപരന് മാതൃകയാകാം... ഊക്കനച്ചനെപോലെ! എളിമയിൽ, പ്രാർത്ഥനയിൽ, കർത്താവുമായുള്ള ആത്മീയബന്ധത്തിൽ.... അതിനുവേണ്ടി ഈ പുണ്യപിതാവിന്റെ മാധ്യസ്ഥം തേടാം.

അരണാട്ടുകരയിൽനിന്നും തട്ടിൽ സനു ഗ്രീഷ്മ ദമ്പതികളും കുടുംബവുമാണ് ഈ മാസത്തിലെ തിരുകർമ്മങ്ങളെല്ലാം ഏറ്റെടുത്ത് നടത്തിയത്. ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി റവ. ഫാ. ജോജോ എടത്തിരുത്തി എല്ലാവർക്കും നന്ദികളർപ്പിക്കുകയും ചെയ്തു.

# ദൈവദാസൻ
# ആന്റണി തച്ചുപറമ്പിലച്ചൻ

പുതിയ വർഷത്തിൽ പുത്തൻ കാഴ്ചപ്പാടോടെ നീങ്ങാൻ മനുഷ്യന്റെ ജീവിത ലക്ഷ്യത്തെപ്പറ്റി അച്ചൻ നല്കിയ ഒരു ധ്യാനപ്രസംഗം ഉപകരിക്കും.



നമ്മുടെ ആദ്ധ്യാത്മിക കർമ്മങ്ങളുടെ (ജീവിതത്തിന്റെ) അടിസ്ഥാനം ഏവയെന്ന് അച്ചൻ ചിന്തിക്കുന്നു. (1) ദൈവം നില നില്ക്കുന്നു (2) ദൈവം മനുഷ്യനെ സൃഷ്ടിച്ചു. (3) മനുഷ്യന്റെ ഹൃദയത്തെ ദൈവം ഉറ്റുനോക്കുന്നു. ജോബിന്റെ ഹൃദയത്തെയോ ആത്മാവിനെയോ തൊടാൻ ദൈവം (പിശാചിനെ) അനുവദിക്കുന്നില്ല.

സീനായ്മലയിൽ ദൈവം നൽകിയ ഒന്നാം പ്രമാണം അച്ചൻ ഓർക്കുന്നു. മുഴുമനസ്സോടെ, മുഴുഹൃദയത്തോടെ, സർവ്വശക്തിയോടെ ദൈവത്തെ സ്നേഹിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. വി. അഗസ്റ്റിനോട് ചേർന്ന് ദൈവസ്നേഹത്തിന്റെ അനു വത്തെക്കുറിച്ച് ഓർക്കാൻ അച്ചൻ പറയുന്നു.

നമ്മുടെ സ്നേഹത്തിന്മേൽ ദൈവത്തിനില്ലാത്ത ഏതെങ്കിലും അവ കാശങ്ങളുണ്ടോ? ദൈവസ്നേഹത്തിന്റെ സവിശേഷതകൾ അച്ചൻ തുടർന്ന് വ്യക്തമാക്കുന്നു.

(a) നിർമ്മലമായ സ്നേഹം കൊണ്ടു മാത്രം (ദൈവം) സൃഷ്ടിക്കുന്നു.

(b) അവിടുത്തെപ്പോലെ എന്നെ സൃഷ്ടിക്കാനുള്ള അവിടുത്തെ തീരു മാനവും നിത്യമാണ്. നിത്യമായ സ്നേഹത്തിൽ അവിടുന്ന് നിന്നെ സ്നേഹിച്ചു.

(c) അവിടുത്തെ സാദൃശ്യം എന്നിൽ പതിച്ചിരിക്കുന്നു.

(d) ഓരോ നിമിഷവും സൃഷ്ടിയെ നവീകരിക്കുന്നു.

രാജാവിന് ജനങ്ങളുടെമേൽ, പിതാവിന് മക്കളുടെമേൽ, യജ മാനന് ഭൃത്യന്റെമേൽ എന്നതിനേക്കാളൊക്കെ ദൈവത്തിന് എന്റെ മേൽ അവകാശമുണ്ട്.

ആകയാൽ ദൈവത്തെ പൂർണ്ണമായി സ്നേഹിക്കാൻ ആഗ്രഹി ച്ചുകൊണ്ട് അച്ചൻ മത്തായി 16:26 ഉദ്ധരിക്കുന്നു. "ഒരുവൻ ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൻ എന്തു പ്രയോ ജനം".

ദൈവത്തന്റെ അസ്തിത്വമാണ് സൃഷ്ടിക്കുള്ള ആദ്യകാരണം. ദൈവാ സ്തിത്വം താഴെ പറയുന്ന കാര്യങ്ങളിലൂടെ വ്യക്തമാകുന്നു.

– ലോകത്തിലെ ക്രമം അവിടുത്തെ ജ്ഞാനം വെളിപ്പെടുത്തുന്നു.

– നക്ഷത്രങ്ങൾ അവിടുത്തെ ശക്തിയെ പ്രഖ്യാപിക്കുന്നു.

– ആകാശം ദൈവമഹത്വം വർണ്ണിക്കുന്നു. സമുദ്രം അവിടുത്തെ വലി പ്പത്തെയും. വയലിലെ പുഷ്പങ്ങൾ അവിടുത്തെ സൗന്ദര്യത്തെ കാണി ക്കുന്നു. ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതാ യത് അവിടുത്തെ അനന്ത ശക്തിയും ദൈവത്വവും സൃഷ്ടവസ്തുക്ക ളിലൂടെ സ്പഷ്ടമായി വിജാതീയർക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ടണ്ട് (റോമ 1:20). അതിനാൽ അവർക്ക് ഒഴികഴിവില്ല എന്ന വി. പൗലോസിന്റെ വീക്ഷണം അച്ചൻ ഉദ്ധരിക്കുന്നു.

ദൈവം ആഴമായ സ്നേഹത്താൽ നമ്മെ സൃഷ്ടിച്ചു. ആ ദൈവത്തെ അറിഞ്ഞു സ്നേഹിക്കാൻ അച്ചൻ നല്കുന്ന ആഹ്വാനം ശ്രവിച്ച് പുതു വർഷത്തിൽ നമുക്കു മുന്നേറാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സീനിയർ | 07 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. ഫ്രിന്റോ കിഴക്കേകെണ്ണൻചിറ | 10 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 11 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 16 |
| ഫാ. റിജോ വിതയത്തിൽ | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. ജീൻ ചിറയത്ത് | 20 |
| ഫാ ആന്റണി കൊള്ളന്നൂർ | 21 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 25 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |
| ഫാ. ജസ്റ്റിൻ  പൂഴിക്കുന്നേൽ | 30 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. റിഞ്ചോ ഓലപ്പുരയ്ക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. ആഡ്‌വിൻ ഐനിക്കൽ | 20 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. ഡേവിസ് ചിറമ്മൽ Jr. | 20 |
| ഫാ. സിംസൺ ചിറമ്മൽ | 20 |
| ഫാ. ഏബിൾ ചിറമ്മൽ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. ജിനു പയ്യപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 20 |
| ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Sr. | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഇരിമ്പൻ ഗീവർഗ്ഗീസ് | 01.01.1917 |
| ഫാ. പോട്ടോക്കാരൻ ജേക്കബ് | 02.01.1968 |
| ഫാ. എലുവത്തിങ്കൽ ജോൺ | 02.01.1990 |
| ഫാ. ചാഴൂർ ജോസഫ് | 04.01.2014 |
| ഫാ. മേനാച്ചേരി സിറിയക് | 04.01.1975 |
| ഫാ. കിടങ്ങൻ മാത്യു | 04.01.1989 |
| ഫാ. മേച്ചേരി ഔസേപ്പ് | 06.01.1916 |
| ഫാ. ചാലക്കൽ ആന്റണി | 06.01.2009 |
| ഫാ. തരകൻ ആന്റണി | 07.01.1992 |
| ഫാ. ആലപ്പാട്ട് പോൾ സീനിയർ | 08.01.2005 |
| ഫാ. പൊറത്തൂർ ലാസർ | 08.01.2006 |
| ഫാ. മഞ്ഞളി ഇഗ്നേഷ്യസ് | 10.01.1952 |
| ഫാ. പാലയൂർ മാത്യു | 10.01.1972 |
| മോൺ. തലച്ചിറ തോമസ് | 11.01.2014 |
| ഫാ. എടത്തുരുത്തിക്കാരൻ ജോൺ | 11.01.1948 |
| ഫാ. തേർമഠം സെബാസ്റ്റ്യൻ | 13.01.1997 |
| ഫാ. ചാലക്കൽ ലൂവീസ് | 15.01.2021 |
| ഫാ. അന്തിക്കാട്ട് നിക്കോളസ് | 17.01.2016 |
| ഫാ. മണവാളൻ ജോസഫ് | 18.01.1950 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19.01.1985 |
| ഫാ. ആളൂർ പോൾ | 21.01.1982 |
| മോൺ. അക്കര ജോർജ്ജ് | 21.01.1983 |
| ഫാ. മഞ്ഞളി ജോസഫ് ഡി. | 23.01.2006 |
| ഫാ. കുണ്ടുകുളം പീറ്റർ | 23.01.1976 |
| ഫാ. ആന്റണി തെക്കിനിയത്ത് | 27.01.2022 |
| ഫാ. ആന്റണി തോട്ടാൻ | 30.01.2022 |
| ഫാ. മഞ്ഞളി ജേക്കബ് | 30.01.1984 |
| ഫാ. തേറാട്ടിൽ പൊറിഞ്ചു | 31.01.1941 |
| ഫാ. ജോസ് ടി. ചിറ്റിലപ്പിള്ളി | 31.01.2022 |



## റവ. ഫാ. ലൂവിസ് എടക്കളത്തൂർ (67)

കരുതലുള്ള കർമ്മനിരതനായ അജപാലകൻ, അതിരൂപതയെ പടുത്തുയർത്തുന്നതിൽ സ്തുത്യർഹമായ പങ്കുവഹിച്ച ക്രാന്തദർശി, സ്വയം മറന്ന് അനേകരെ കൈപിടിച്ചുയർത്തുവാൻ അക്ഷീണം യത്നിച്ച ക്രിസ്തുവിന്റെ പ്രിയ പുരോഹിതൻ എന്നിങ്ങനെ ശുശ്രൂഷാമേഖല കളിൽ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ വൈദികൻ റവ. ഫാ. ലൂവിസ് എടക്കളത്തൂർ 2022 നവംബർ 26–ാം തീയതി വൈകീട്ട് 6.18ന് അന്തരിച്ചു.

തൃശ്ശൂർ അതിരൂപതാ ആളൂർ ഇടവകയിലെ പരേതരായ ചാക്കു + റോസാ ദമ്പതികളുടെ മകനായി 1955 ഒക്ടോബർ 12 ന് ലൂവിസച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം സെന്റ് തോമസ് അപ്പ സ്തോലിക് സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തി യാക്കിയശേഷം 1983 ജനുവരി 1ന് മാർ ജോസഫ് കുണ്ടുകുളം പിതാ വിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. ബഹു. ലൂവിസച്ചൻ റോമിലെ ലാറ്റ

റൻ യൂണിവേഴ്സിറ്റിയിൽ നിന്നും കുടുംബദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റും റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പൗരസ്ത്യദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്.

ക്രിസ്തുവിന്റെ ശുശ്രൂഷപൗരോഹിത്യത്തിൽ ദൈവജനത്തിനായി അമ്മാടം, തൃശ്ശൂർ പുത്തൻപള്ളി എന്നീ ഇടവകകളിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം വലപ്പാട്, തൈക്കാട്ടുശ്ശേരി, ചേറൂർ, കുരിയച്ചിറ, പരക്കാട്, ആർത്താറ്റ് എന്നീ ഇടവകകളിൽ വികാരിയായും പാലയൂർ, തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക, ചേലക്കര എന്നിവിടങ്ങളിൽ ഫൊറോന വികാരിയായും, വിവിധ സ്കൂളുകളുടെ മാനേജരായും തൃശ്ശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റലേറ്റ് സെന്റർ, അതിരൂപതയുടെ സാമൂഹിക ക്ഷേമവിഭാഗമായ സാന്ത്വനം, മുളയം ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജർമ്മനിയിലെ ക്ലൈൻഹോസ്റ്റ്ഹൈമിലും അദ്ദേഹം അജപാലനശുശ്രൂഷ ചെയ്തിട്ടുണ്ട്. അതിരൂപതാ വൈദികമന്ദിര നിർമ്മാണ കമ്മിറ്റി കൺവീനർ, വൈദികസമിതിയംഗം, ആലോചനാസമിതിയംഗം, പാസ്റ്ററൽ കൗൺസിൽ അംഗം എന്നിങ്ങനെ അതിരൂപതയുടെ വിവിധ സമിതികളിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. പുല്ലഴി സെന്റ് ജോസഫ്സ് ഹോമിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

2022 നവംബർ 28 തിങ്കളാഴ്ച രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ വി. ബലിക്കുശേഷം 7.30 മുതൽ 8.00 വരെ മൃതദേഹം തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ പൊതുദർശനത്തിന് വച്ചു. തുടർന്ന് മൃതദേഹം അച്ചൻ ഡയറക്ടറായി സേവനം ചെയ്യുന്ന പുല്ലഴി സെന്റ് ജോസഫ്സ് ഹോമിലേക്ക് കൊണ്ടുപോയി, അവിടത്തെ പ്രാർത്ഥനാശുശ്രൂഷക്കുശേഷം ആളൂർ ഇടവകയിലെ സഹോദരൻ ജോൺസന്റെ വസതിയിലേക്ക് കൊണ്ടുപോകുകയും 1.30 വരെ വീട്ടിൽ പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു. ഉച്ചക്ക് 1:30ന് മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ ഭവനത്തിൽ ആരംഭിച്ചു. ശേഷം ആളൂർ ഇടവക ദൈവാലയത്തിലേക്ക് മൃതദേഹം സംവഹിക്കുകയും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 2.30 വരെ പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു. ദൈവാലയത്തിൽ വച്ചു നടന്ന മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു. മൂന്നാം ഭാഗമായ വി. ബലിക്ക് അഭിവന്ദ്യ മാർ

ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത മുഖ്യകാർമ്മികനായി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി, മാർ ടോണി നീലങ്കാവിൽ, മാർ ഫ്രാങ്കോ മുളക്കൽ എന്നിവർ സഹകാർമ്മികനായിരുന്നു. തുടർന്ന് സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ഫ്രാങ്കോ മുളക്കൽ പിതാവ് കാർമ്മികത്വം വഹിച്ചു.

**കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ അഹോരാത്രം ശുശ്രൂഷചെയ്ത് നീതിയുടെ കിരീടത്തിനായി വിളിക്കപ്പെട്ട എടക്കളത്തൂർ ബഹു. ലൂവീസച്ചന് തൃശ്ശൂർ അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ അന്ത്യാഞ്ജലികൾ!!!**



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
ഡിസംബർ

**സിഎച്ച്എഫ് നവജ്യോതി പ്രോവിൻസ്**

നവംബർ 06 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ വടൂക്കര IFDF ന്റെ നേതൃത്വത്തിൽ സിഎച്ച്എഫ് നവ ജ്യോതി പ്രോവിൻസിലെ സിസ്റ്റേഴ്സ് തൃശ്ശൂർ ചെമ്പൂക്കാവ് ഇടവകയിൽ ഹോം മിഷൻ നടത്തി. നവംബർ 15–ാം തിയ്യതി നവജ്യോതി പ്രോവി ൻസിലെ വൊക്കോഷൻ പ്രൊമോ ട്ടേഴ്സ് പ്രൊവിൻഷ്യൽ ഹൗസിൽ ദെവവിളിയുടെ വർദ്ധന വിനായി ജാഗരണ പ്രാർത്ഥന നടത്തി. നവം ബർ19ന് നവജ്യോതി പ്രോവിൻസി ലെ 5 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ഒളരിക്കര ഇടവക ദേവാല യത്തിൽ വച്ച് രാമനാഥപുരം രൂപതാ ദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ മുഖ്യകാർമ്മി കത്വത്തിൽ നടത്തപ്പെട്ടു. നവംബർ 26,27 ത്യ്യതികളിൽ നവജ്യോതി പ്രോവിൻസിലെ ജൂനിയർ സിസ്റ്റേഴ് സിന് നവജ്യോതി പ്രൊവിൻഷ്യലേ റ്റിൽ ജൂനിയേഴ്സ് കോഴ്സ് നടന്നു. മണ്ണുത്തി ഹോളി ഫാമിലി ജനറലേ റ്റിൽ 23 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയും ആദ്യവ്രതാർപ്പണം നട ത്തിയ 24 സിസ്റ്റേഴ്സിന് സ്വീകര ണവും നൽകി. വി.കുർബാന ഏകീ കരണവുമായി ബന്ധപ്പെട്ട് എറണാ കുളം അങ്കമാലി അതിരൂപതയിൽ

നടക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി നവംബർ 27 ന് പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും ദിവ്യകാരുണ്യ ആരാധന നടത്തി. തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസും സിസ്റ്റേഴ്സും പിതാവിന് ആശംസകൾ നേർന്നു.

**2. സിഎസ്സി**

2022 നവംമ്പർ 5,6 തിയതികളിൽ ധർമ്മാരാം ഇൻസ്റ്റിറ്റ്യൂട്ട് ബാംഗ്ലൂരിൽ വച്ച് നടത്തിയ SMRC - General body meeting ൽ ബഹു.സി ഷെൽറ്റി CSC, ബഹു മദർ വെൺമ CSC, ബഹു മദർ മനീഷ CSC എന്നിവർ പങ്കെടുത്തു. നവംമ്പർ 20 ന് Formators Meeting കോലഴി മരിയ ഭവൻ ജനറലേറ്റിൽ വച്ച് നടത്തി. കോലഴി മരിയ ഭവൻ ജനറലേറ്റിന്റെ ഹോം ഡേ നവംമ്പർ 26 ന് ആഘോഷിച്ചു. നവംമ്പർ 27–ാം തിയതി മരിയ പ്രവിശ്യയുടെ പല്ലിശ്ശേരിയിൽ പുനർ നിർമ്മിച്ച ചാരിറ്റി മഠത്തിന്റെ വെഞ്ചിരിപ്പുകർമ്മം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണിനീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

**3. എസ് എ ബി എസ്**

പ്രോവിൻസിന്റെ രജത ജൂബിലിയ്ക്ക് ഒരുക്കമായി നവംമ്പർ ഒന്നാം തിയതി എല്ലാ ഭവനസമൂഹങ്ങളിലും അനുരഞ്ജനദിനമായി ആചരിച്ചു. November 5മുതൽ ബാംഗ്ലൂരിൽ വച്ച് നടന്ന SMRC Meeting ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ സോഫി പെരേപ്പാടൻ, സി. ഉഷാ മാർഗരറ്റ് കുരിശ്ശിങ്കൽ എന്നിവർ പങ്കെടുത്തു. നവംമ്പർ ഒമ്പതാം തിയതി ആതുരശുശ്രൂഷാമേഖലയിൽ ശുശ്രൂഷ ചെയ്യുന്നവർക്കായി വേലൂപ്പാടം സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ പ്രൊവിൻഷ്യൽ കൗൺസിലർ ഡോ. സി.റൂബി തെരേസ് ഇടശ്ശേരിയുടെ നേതൃത്വത്തിൽ ഒരു ഏകദിനപരിപാടി സംഘടിപ്പിച്ചു. CBCI President ആയി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ സോഫി പെരേപ്പാടനും പ്രൊവിൻഷ്യൽ കൗൺസിലർ സി. ലിറ്റിൽ മരിയ തെക്കേക്കരയും സന്ദർശിച്ച് അഭിനന്ദനങ്ങളറിയിച്ചു. നവംബർ 19ാം തിയതി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു. പരിശുദ്ധ അമലോത്ഭവ മാതാവിന് പ്രതിഷ്ഠിതമായിരിക്കുന്ന നിർമ്മൽ റാണി പ്രോവിൻസിന്റെ പ്രോവിൻസ് ഡേ അതിമനോഹരമായി നവംബർ 26ന് ആഘോഷിച്ചു.

**4. സി.എസ്.എം**

സകല മരിച്ചവരുടെയും ഓർമ്മദിനമായ നവംബർ 2 ന് പ്രൊവിൻഷ്യൽ ടീം സ്ഥാപകപിതാവിന്റെയും സമൂഹത്തിൽനിന്നും മരിച്ചുപോയവരുടെയും കബറിടങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റലിൽവെച്ച് നടന്ന സുപ്പീരിയേഴ്സ് ഗാതറിംഗിൽ പ്രൊവിൻ ഷ്യലും വൈസ് പ്രൊവിഷ്യലും പങ്കെടുത്തു. നവംബർ 5,6 തിയ്യതികളിൽ ബാംഗ്ലൂരിൽ വെച്ച് നടന്ന ടങ്ങഞ്ഞ ആനുവൽ ബോഡി മീറ്റിംഗിൽ ബഹു. മദർ ജനറൽ സി. ബിയാട്രിസ്, പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയോ മരിയ എന്നിവർ പങ്കെടുത്തു. 14.11.2022 ന് സെന്റ് തോമസ് പഴയന്നൂർ സ്കൂളിൽ ശിശുദിനവും ആർദ്രം എന്ന പേരിൽ സ്ഥാപക പിതാവ് പെരി. ബഹു. ജോൺ കിഴക്കൂടനച്ചന്റെ അനുസ്മരണയോഗവും സംഘടിപ്പിക്കുകയുണ്ടായി. 15.11.2022 ൽ സ്ഥാപകപിതാവിന്റെ ചരമവാർഷികം പൊന്നുക്കര അസപ്ഷൻ കോൺവെന്റിൽവെച്ച് നടന്നു. 'സ്ഥാപകപിതാവിനോടൊത്ത് ഒരു സഹഗമനം' എന്ന വിഷയത്തെ ആസ്പദമാക്കി ജനറൽ സെക്രട്ടറി സി. ആൻഗ്രെയ്സിന്റെ നേതൃത്വത്തിൽ ഒരു സിമ്പോസിയവും സംഘടിപ്പിക്കപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ ബഹു. പ്രൊവിൻഷ്യലും സിസ്റ്റേഴ്സുംകൂടി നാമഹേതുക തിരുനാൾ മംഗളങ്ങൾ നേർന്നു.

**5. സി.എം.സി.**

തൃശൂർ നവംബർ 2022 ആലുവ ജനറലേറ്റിൽവെച്ച് നടന്ന നാലുദിവസത്തെ ഫോർമേറ്റേഴ്സ് മീറ്റിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ, ഫോർമേറ്റർമാരായ സി. ജൂലിറ്റ്, സി. പ്രദീപ എന്നിവർ പങ്കെടുത്തു. ബാംഗ്ളൂരിൽ, രണ്ടു ദിവസത്തെ SMRC മീറ്റിംഗിൽ വികർ പ്രൊവിൻഷ്യൽ സി. സാലി പോൾ സംബന്ധിച്ചു.

1978–86 വരെയുള്ള ബാച്ചുകാർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് മൂന്നു ദിവസത്തെ നവീകരണകോഴ്സ് നടത്തി. ചുണങ്ങുംവേലി സ്പിരിച്ച്വാലിറ്റി സെന്ററിൽ 15 മുതൽ 24 വരെ നടന്ന ആസ്പിരൻസ് കോഴ്സിൽ എല്ലാ ആസ്പിരൻസും സംബന്ധിച്ചു. സി.എം.സി സംയോജനദിനമായ നവംബർ 16 ന് എല്ലാ സി.എം.സി. ഭവനങ്ങളിലും പ്രത്യേക ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. സെന്റ് ജോർജ് കണിമംഗലം, സെന്റ് ജോസഫ് ചൂണ്ടൽ, മരീനാഹോം ചൂണ്ടൽ, കാർമ്മൽ മൗണ്ട് മുള്ളൂർക്കര എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ കാനോനിക സന്ദർശനം നടത്തി. ഈ വർഷം ഗോൾഡൻ ജൂബിലിയും സിൽവർ ജൂബിലിയും ആഘോഷിക്കുന്ന സന്യസ്തരെ അനുമോദിക്കുവാൻ തൃശൂർ അതി

രൂപത ഡി.ബി.സി.എൽ.സി യിൽ വച്ച് നടത്തിയ ദിവ്യബലിയിലും സ്നേഹ വിരുന്നിലും തൃശ്ശൂർ നിർമ്മല പ്രോവിൻസിലെ 13 സിസ്റ്റേഴ്സ് പങ്കെടുത്തു. വി. കുര്യാക്കോസ് ഏലിയാസ് ചാവറ, വി. എവുപ്രാസ്യ എന്നിവരുടെ വിശുദ്ധപദപ്രഖ്യാപനത്തിന്റെ 8–ാം വാർഷികം നവംബർ 23 ന് ഒല്ലൂർ വി.എവുപ്രാസ്യതീർഥകേന്ദ്രത്തിൽ നടത്തപ്പെട്ടു. ജന റലേറ്റിൽ 65 ദിവസത്തെ സ്പിരിച്ച്വാലിറ്റി കോഴ്സ് ആരംഭിച്ചു. നവം ബർ 26–ാം തിയതി പ്രൊവിൻഷ്യൽ പ്ലാനിംഗ് ടീം, വൊക്കേഷൻ പ്രൊമോട്ടേഴ്സ് ടീം എന്നിവരുടെ മീറ്റിംഗുകളും നോൺ ടീച്ചിംഗ് സ്റ്റാഫ് ഗാതറിംഗും കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടത്തി.

**6. എം. എം. ബി.**

സി. ബി. സി. ഐ. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട തൃശൂർ അതി രൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന് മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹം സ്വീകരണം നൽകി. മരിയാപുരത്തെ സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസിലെത്തിയ അഭിവന്ദ്യ പിതാ വിനെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ സ്വീകരി ക്കുകയും ഷാളണിയിച്ച് അനുമോദനം അർപ്പിക്കുകയും ചെയ്തു.

മലബാർ മിഷനറി ബ്രദേഴ്സ് സെന്റ് തോമസ് പ്രൊവിൻസിന്റെ 22–ാ മത് പ്രൊവിൻസ് ഡേ ആഘോഷവും ബഹു. ബ്രദേഴ്സ് ഷാജി ലൂക്കോസ് നാരമംഗലത്ത്, കുര്യാക്കോസ് ചുണ്ടേലിക്കാട്ട്, ഡെയ്സൺ മൈലക്കച്ചാലിൽ എന്നിവരുടെ സന്യാസ വ്രതാർപ്പണ രജതജൂബി ലിയും സംയുക്തമായി 2022 നവംബർ 19 ശനിയാഴ്ച ആഘോഷിച്ചു. രാവിലെ നടന്ന സമൂഹബലിയ്ക്ക് തൃശൂർ അതിരൂപത മുൻ മെത്രാ പ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി മുഖ്യകാർമ്മികത്വം വഹിച്ചു.

**7. എഫ്.സി.സി**

നവംബർ 2–ാം തീയതി ഈ വർഷം സഭാവസ്ത്രസ്വീകരണവും പ്രഥമവ്രതവാഗ്ദാനവും നടത്തുന്ന 5 നോവിസസിന് തൃശ്ശൂർ അതി രൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബിഷപ്പ് ഹൗസിൽ വച്ച് ഇന്റർവ്യൂ നടത്തി. ആലുവ പോർസ്യുങ്കുള യിൽ വച്ച് നവംബർ 5,6 തീയതികളിൽ മെഡിക്കൽ കൗൺസിലർ, കൺസൾട്ടൻസ്, അഡ്മിനിസ്ട്രേറ്റേഴ്സ്, നേഴ്സിംഗ് സ്കൂൾ പ്രിൻസി പ്പൽസ്, നേഴ്സിംഗ് സൂപ്രണ്ട്സ് എന്നിവരുടെ മീറ്റിംഗിൽ 9 സിസ്റ്റേഴ്സ് സംബന്ധിച്ചു. നവംബർ 5,6 തീയതികളിൽ ബാംഗ്ലൂർ ധർമ്മരാം കോളേജിൽ വച്ചു നടന്ന SMRC ജനറൽ ബോഡി മീറ്റിംഗിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. മെർളി മാടക്കായ് സംബന്ധിച്ചു. 2022 നവംബർ 12–ാം തീയതി പ്രോവിൻസ് ഡേ വിവിധപരിപാടിക

ളോടെ ആഘോഷിച്ചു. നവംബർ 13–ാം തീയതി സി. ജ്യോതിസ്സിന്റെ നേതൃത്വത്തിൽ ഭിക്ഷാടകരായ സഹോദരങ്ങൾക്കുവേണ്ടിയുള്ള ശുശ്രൂഷ street ministry എന്ന പേരിൽ തൃക്കൂർ കാരുണ്യ കോൺവെന്റിനോടനുബന്ധിച്ചുള്ള ക്യാമ്പസ്സിൽ ആരംഭിച്ചു. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നവംബർ 14 –ാം തീയതി സ്റ്റഡി ഫോറം മീറ്റിംഗ് നടത്തി. നവംബർ 19–ാം തീയതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യ ബലി മദ്ധ്യേ 5 നോവിസസ് സഭാവസ്ത്രം സ്വീകരിച്ച് പ്രഥമവ്രത വാഗ്ദാനം ചെയ്തു. നവംബർ 23 മുതൽ 29 വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജനറൽ ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ ഗോൾഡൻ ജൂബിലി കഴിഞ്ഞ സിസിറ്റേഴ്സിനായി നടത്തിയ നിയമാവലി ധ്യാനത്തിൽ 56 പേർ സംബന്ധിച്ചു.

**8.സിആർഐ ജൂനിയേഴ്സ് മീറ്റ് 2022**

മാർത്തോമാശ്ലീഹായുടെ 195–ാം രക്തസാക്ഷിത്വ മഹാജൂബിലി വർഷ ത്തോടനുബന്ധിച്ച് CRI യൂണിറ്റിന്റെ നേതൃത്വത്തിൽ തൃശൂർ അതി രൂപതയിലെ സമർപ്പിതരായ എല്ലാ ജൂനിയേഴ്സിനും ഒരുമിച്ച് കൂടാ നുള്ള അവസരമൊരുക്കി.

2022 ഒക്ടോബർ 24–ാം തീയതി തൃശൂർ ഫാമിലി അപ്പസ്തലേറ്റിൽ വച്ച് നസ്രായന്റെ ചങ്ക്സ് ആയ സമർപ്പിത യൂത്ത് കരങ്ങൾ കോർത്തു. CRI പ്രസിഡന്റ് Sr. Sophy Pereppadan എല്ലാവർക്കും സ്വാഗതം ആശംസിച്ചു. CRI സെക്രട്ടറി റവ. സി. ലെത്തിസീയ ice breaking session നടത്തി. ‘St Thomas and the Discipleship’ എന്ന വിഷയ ത്തിൽ ഫാ. ജോജി കല്ലിങ്കൽ ക്ലാസ്സ് നയിച്ചു.

അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ജൂനിയേഴ്സിനെ അഭിസംബോ ധന ചെയ്തു സംസാരിച്ചു.

ഉച്ചഭക്ഷണത്തിനു ശേഷം Group skit, ക്വിസ് മത്സരം, Sharing Session എന്നിവ നടത്തപ്പെട്ടു. ജൂനിയേഴ്സ് അവരുടെ അനുഭവങ്ങൾ പങ്കു വച്ച് സംസാരിച്ചു. തൃശൂർ അതിരൂപത Youth Ministry Director Rev. Fr. Linson Thattil സമ്മാനദാനം നിർവഹിച്ചു. CRI എക്സിക്യൂട്ടീവ് മെമ്പർ Rev. Sr. Ushus CSM ഏവർക്കും നന്ദി പറഞ്ഞു.

# ആദരാഞ്ജലികൾ

24-11-2022 -സി.എം.സി. ചൂണ്ടൽ മരീനാഹോം ഭവനാംഗമായ **സി.ഐനസ്** നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ഫാ.ജോസ് വല്ലൂരാൻ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.



നവംബർ 17-ാം തിയ്യതി അരണാട്ടുകര ഇൻഫന്റ് ജീസസ്സ് ഭവനാംഗമായ സി. മാർട്ടിൻ നിര്യാതയായി. ഉച്ചതിരിഞ്ഞ് 3.30 ന് അരണാട്ടുകര ഇൻഫന്റ് ജീസസ്സ് കോൺവെന്റിൽ വച്ച് നടത്തിയ തിരുക്കർമ്മങ്ങൾക്ക് തൃശ്ശൂർ അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.



നവംബർ 23-ാം തിയ്യതി ഒളരി ഹോളി ഫാമിലി ഭവനാംഗമായ സി. ഓസ്വാൾഡ് നിര്യാതയായി. തൃശ്ശൂർ അതിരൂപതാ മെത്രാപോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

# ആദരാഞ്ജലികൾ



03.11.2022 എഫ്.സി.സി മുണ്ടൂർ സെന്റ് ഫ്രാൻസിസ് ഭവനാംഗമായ ബ. സി. ലയോൺഷ്യ നവംബർ 03-ാം തീയതി രാവിലെ 7 മണിയ്ക്ക് നിര്യാതയായി. തൃശ്ശൂർ അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.



19.11.2022 എഫ്.സി.സി പഴുവിൽ സെന്റ് ആന്റണീസ് ഭവനാംഗമായ ബ. സി. വിത്താലിസ് നവംബർ 19-ാം തീയതി വൈകീട്ട് 8 മണിയ്ക്ക് നിര്യാതയായി. 20-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര മൃതസംസ് കാരകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

**സി. സോഫി പെരേപ്പാടൻ എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം, പാലയൂർ

**സാന്ത്വന തീരത്ത് ഭാരത പ്രവേശന തിരുനാൾ ആഘോഷിച്ചു.**

നവംബർ 21ന് മാർ തോമശ്ലീഹയുടെ ഭാരതപ്രവേശന തിരുന്നാളിനോടാനുബന്ധിച്ചു വൈകീട്ട് ബ്ലാങ്ങാട് സാന്ത്വനം പ്രാർത്ഥനാലയത്തിൽ വെച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കർമികത്വത്തിൽ മാർ തോമാശ്ലീഹായുടെ നൊവേനയും ലദീഞ്ഞും ഭക്ത്യാദരാപൂർവം നടന്നു.തുടർന്ന് കടൽത്തീരത്തു കൂടി തിരുശേഷിപ്പ് വഹിച്ചുള്ള പ്രദക്ഷിണം. പ്രദക്ഷിണത്തെ അനുധാവനം ചെയ്ത് ധാരാളം മത്സ്യ തൊഴിലാളികളും വിശ്വാസികളും പങ്കെടുത്തു . മാർ തോമശ്ലീഹായുടെ തിരുശേഷിപ്പ് കൊണ്ടുള്ള ആശിർവാദത്തിന് കരയും കടലും സജ്ജമായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ കാർമികത്വത്തിൽ കടൽത്തീരം ആശിർവദിച്ചു. മത്സ്യബന്ധന ഉപകരണങ്ങളായ വള്ളങ്ങളും ബോട്ടുകളും വലകളും വെഞ്ചിരിച്ചു. ആർച്ച് പ്രീസ്റ്റ് ഡോ റവ ഡോ ഡേവിസ് കണ്ണമ്പുഴ,അസി വികാരി ഫാദർ മിഥുൻ വടക്കേത്തല, രൂപത സാന്ത്വനം ഡയറക്ടർ ഫാ ജോയ് മൂക്കൻ എന്നിവർ സഹ കാർമ്മികരായി. മാത്യുസ് ഒലക്കേങ്കിൽ, ടോണി ചക്രമാക്കിൽ, തിരുനാൾ കൺവീനർ ഫ്രാൻസിസ് ചിരിയം കണ്ടത്ത്,രജനി ട്രസ്റ്റിമാരായ മാത്യു ലീജിയൻ സിന്റോതോമസ്, ജിന്റോ, ജോസഫ് തീർത്ഥ കേന്ദ്രം സെക്രട്ടറി ബിജു ആന്റോ തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.ചടങ്ങുകൾക്ക് ശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2022 **ഡിസംബർ 03 ന് ശനിയാഴ്ച രാവിലെ 9.00 മണിക്ക്** D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി. ഏകദേശം 400 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഫാ. വർഗീസ് കുത്തൂർ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആമുഖ പ്രഭാഷണം നടത്തി. അഭിവന്ദ്യപിതാവ് മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്തു. വിവിധ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് അഭിവന്ദ്യപിതാവ് മറുപടി നൽകി . ശ്രീ.ടി. കെ.അന്തോണികുട്ടി തെരട്ട് സംബന്ധമായ കാര്യങ്ങളെകുറിച്ച് സംസാരിക്കുകയുണ്ടായി. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDS എന്നീ നിയമങ്ങളെക്കുറിച്ച് Chartered Accountant ശ്രീ.ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. ഫാ. ലിൻസൻ തട്ടിൽ സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് സ്നേഹ വിരുന്നോടുകൂടി യോഗം സമാപിക്കുകയും ചെയ്തു.

**ട്രോഫികൾ വിതരണം ചെയ്തു**

2020–2021 വർഷത്തെ പൊതുകവർ പിരിവുകൾക്ക് സമ്മാനാർഹരായ ഇടവകകൾക്ക് ട്രോഫികൾ Family Apostolate ഹാളിൽ 2022 നവംബർ 12 ശനിയാഴ്ച കൂടിയ പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിന യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വിതരണം ചെയ്തു.

| | |
|---|---|
| **ഫാ. വർഗീസ് കുത്തൂർ** | **ഫാ. ലിൻസൻ തട്ടിൽ** |
| ഫിനാൻസ് ഓഫീസർ | അസി. ഫിനാൻസ് ഓഫീസർ |

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ ,

കഴിഞ്ഞുപോയ ക്രിസ്തുമസ് നിങ്ങൾ നന്നായി ആഘോഷിച്ചിട്ടുണ്ടാകും എന്ന് വിശ്വസിക്കുന്നു. നോമ്പ് എടുത്ത് ചെറിയ സഹനങ്ങളിലൂടെ ഈശോയുടെ വരവിനായി നന്നായി ഒരുങ്ങിയവർക്ക് ഈ ക്രിസ്മസ് ഒരു നല്ല അനുഭവമായിട്ടുണ്ടാകും. ഈ 25 ദിവസങ്ങൾ തീക്ഷ്ണതയോടെ വിശുദ്ധ കുർബാനയിലും കുടുംബ പ്രാർത്ഥനയിലും മറ്റ് ഭക്തഅഭ്യാസങ്ങളിലും സജീവമായി പങ്കെടുത്ത് ഈശോയുടെ വരവിനായി ഒരുങ്ങിയ നിങ്ങളെ ഓരോരുത്തരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈശോ ജ്ഞാനത്തിനും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നതു പോലെ (ലൂക്ക 2:52) നിങ്ങളും വളർന്നു വരാൻ ഇടയാകട്ടെ എന്ന് ഞാനും പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അതോടൊപ്പം പുതുവർഷത്തിന്റെ എല്ലാ മംഗളങ്ങളും ഞാൻ ഏറെ സ്നേഹത്തോടെ നേരുന്നു. പുതുവർഷത്തിൽ പുതിയ തീരുമാനങ്ങളുമായി നിങ്ങൾ ഓരോരുത്തരും മുന്നേറുന്നുണ്ടാകും. മുന്നോട്ടു കുതിക്കും മുൻപ് കഴിഞ്ഞ ഒരു വർഷക്കാലത്തെ വിലയിരുത്തുന്നത് വളരെ നല്ലതാണ്. ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും പരാജയങ്ങളിൽ നിന്നും പാഠമുൾക്കൊണ്ട് മുന്നേറുവാനും ദൈവത്തിനു മുമ്പിൽ എളിമപ്പെടാനും ഈ വിലയിരുത്തൽ നമ്മെ വളരെ സഹായിക്കും. പുതിയ വർഷം പുതിയ ഉയരങ്ങൾ കീഴടക്കാൻ നമുക്ക് പ്രത്യാശയോടെ മുന്നേറാം.

കുട്ടികളെ ഏറെ സ്നേഹിച്ചിരുന്ന ഒരു വിശുദ്ധന്റെ തിരുനാൾ ജനുവരിമാസത്തിലാണ് സഭ കൊണ്ടാടുന്നത്. ജനുവരി 31–ആം തീയതി തിരുനാൾ ആഘോഷിക്കുന്ന വിശുദ്ധ ജോൺ ബോസ്കോ അഥവാ ഡോൺ ബോസ്കോ. ഇറ്റലിയിലെ ടൂറിനിൽ ജീവിച്ചിരുന്ന ഒരു സാധാരണ വൈദികൻ ആയിരുന്നു അദ്ദേഹം. അവിടെ കുട്ടികൾ വിശുദ്ധ

ജീവിതത്തെ വേണ്ടത്ര പ്രാധാന്യം കൊടുക്കാതെ കുത്തഴിഞ്ഞ ജീവിതം നയിക്കാൻ തുടങ്ങിയപ്പോൾ അവരെ നന്മയിൽ വളർത്താൻ അദ്ദേഹം കഠിനാധ്വാനം ചെയ്തു. അവരെ വളരെ സ്നേഹിച്ച്, അവരോട് കൂട്ടുകൂടി, അവർക്ക് പഠിക്കാനുള്ള അവസരങ്ങൾ ഒരുക്കി, അവരോടൊപ്പം കളിച്ച് ഈശോയിലേക്ക് അവരെ വഴി നടത്തി.

'ചീത്ത കൂട്ടുകെട്ടുകളിൽ നിന്നും ചീത്ത പുസ്തകങ്ങളിൽ നിന്നും ഓടി അകലാൻ പഠിക്കുക. പകരം നല്ലവ തേടുക' എന്ന് വിശുദ്ധൻ കുട്ടികളെ കൂടെക്കൂടെ ഓർമ്മിപ്പിച്ചിരുന്നു. 'ദൈവത്തോട് മറുതലിക്കാതെ, ദൈവത്തെ വിഷമിപ്പിക്കാതെ നമുക്ക് ഏറെ സന്തോഷിക്കാൻ സാധിക്കും' എന്ന് അദ്ദേഹം അവർക്ക് ജീവിതം കൊണ്ട് കാണിച്ചുകൊടുത്തു. അദ്ദേഹത്തിൻറെ ശിക്ഷണത്തിൽ വളർന്നുവന്ന വിശുദ്ധനാണ് കുട്ടികളുടെ മധ്യസ്ഥനായ വിശുദ്ധ ഡൊമിനിക് സാവിയോ. അടുത്തടുത്ത് കുമ്പസാരിക്കാനും ഒരുക്കത്തോടെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും ഡോൺ ബോസ്കോ കുട്ടികളെ പ്രോത്സാഹിപ്പിക്കുമായിരുന്നു. വിശുദ്ധ കുർബാന സ്വീകരിച്ച് ഉള്ളിൽ എഴുന്നള്ളി വന്ന ദൈവപുത്രന് ശാന്തമായി നന്ദി പറയാൻ വിശുദ്ധ ഡോമിനിക് സാവിയോയെ പരിശീലിപ്പിച്ചത് ഡോൺ ബോസ്കോ ആണ്.

സ്നേഹമുള്ള കൂട്ടുകാരെ, ഡോൺ ബോസ്കോയെ കുറിച്ച് കൂടുതൽ അറിയാൻ നിങ്ങൾ പരിശ്രമിക്കണം. മാതാപിതാക്കളോടും മതാധ്യാപകരോടും വൈദികരോടും മറ്റും വിശുദ്ധന്റെ ജീവചരിത്രം വായിക്കാനും നിങ്ങൾ പരിശ്രമിക്കണം. 'വിശുദ്ധി പകരുന്നതാണ്' എന്ന് പഴമക്കാർ പറയുന്നത് ഒരു പരിധിവരെ ശരിയാണ്. വിശുദ്ധരെക്കുറിച്ച് വായിച്ചറിയുന്നതും അവരെ മാതൃകയാക്കുന്നതും വിശുദ്ധിയിൽ വളരാൻ നമുക്ക് സഹായകമാകും. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

ദനഹായിലൂടെ ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയുടെ  സുവിശേഷം ഈ പുതുവർഷത്തിൽ നമുക്കേവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ.

**അഭിനന്ദനങ്ങളും ആശംസകളും**



കെ. സി. ബി. സി. ഏർപ്പെടുത്തിയ ഫാ. മാത്യു നടയ്ക്കൽ അവാർഡിന് തൃശ്ശൂർ അതിരൂപതയിലെ വിശ്വാസപരിശീലകനായ ഡോ. ഇഗ്നേഷ്യസ് ആന്റണി തെരഞ്ഞെടുക്കപ്പെട്ടു. ഡോ. ഇഗ്നേഷ്യസ് ആന്റണി തൃശ്ശൂർ ലൂർദ്ദ് ഇടവക വിശ്വാസപരിശീലകനും  സെന്റ് തോമസ് കോളേജ് മുൻ പ്രിൻസിപ്പാളുമാണ്. ഡോ. ഇഗ്നേഷ്യസ് ആന്റണിക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും വിശ്വാസപരിശീലനകുടുംബത്തിൽ നിന്നും സ്നേഹപൂർവ്വം നേരുന്നു.

**1. ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ**

തിയതി: 2023 ജനുവരി 1 ഞായർ

സമയം:  2.30 PM   4.30 PM

സ്ഥലം : ഡി ബി സി എൽ സി

അധികപാഠ്യഭാഗം : വെളിപാട് 4,5,6 അധ്യായങ്ങൾ

പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ് (ആവശ്യമായ ഒപ്പുകൾ സഹിതം)

ആപ്റ്റിറ്റ്യൂഡ് പുന:പരീക്ഷ: 2023 ജനുവരി 1 ഞായർ, 03.00 PM  04.30PM യൂണിറ്റുകളിൽ

**2. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

| | |
|---|---|
| തിയതി | : 2023 ജനുവരി 26 വ്യാഴം |
| സ്ഥലം | : ഡി ബി സി എൽ സി |
| രജിസ്ട്രേഷൻ | : 11.30 am |

അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടെ പേരുവിവ

രങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നൽകുന്നത്. സമ്മാനർഹരായവരെ യൂണിറ്റധികൃതർ അറിയിക്കുമല്ലോ.

1. Service Award
2. Full Attendance of Teachers (10 years & above)
3. Retired Teachers
4. Archdiocesan Level Aptitude Examination Rank Holders
5. Teachers Excellence Award
6. Model Units
7. Best Model Unit

**3. പ്രിൻസിപ്പൽമാരുടെ യോഗം**

തിയതി : 2023 ഫെബ്രുവരി 5
ദിവസം : ഞായർ
സമയം : 11.30 മാ
സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**4. വാർഷിക പരീക്ഷകൾ**

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കുമല്ലോ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെയും ബ്ലോഗിലൂടെയും അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലോ.

2023 ഫെബ്രുവരി 12, 2PM-4PM: Stds. X, XII
2023 ഫെബ്രുവരി 12, 2PM-5PM : ACC
2023 ഫെബ്രുവരി 19, 2PM-4PM: Stds. I, III, V, VII, IX & XI
2023 ഫെബ്രുവരി 26, 2PM-4PM : Stds. II, IV, VI, VIII

**5. Std. XII & ACC ഹാജർ**

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി –ജനുവരി 30. ജനുവരി 30 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുവാൻ സാധിക്കു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**6. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത (Eligibility)**

അർദ്ധവാർഷിക പരീക്ഷ എഴുതുകയും 20 ഹാജരും ഉള്ള വിദ്യാർത്ഥി കൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടാ യിരിക്കുകയുള്ളു. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും എസിസി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭിക്കുകയുള്ളു. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

**7. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതല യിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീ ക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായ വ), Syllabus, Question Paper Scheme, Marks Distribution എന്നി വയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാ മിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാക തകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.
5. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെ ങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.
6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.
7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേ ണ്ടതാണ്.

**8. Unit Visit**

യൂണിറ്റ് സന്ദർശനം നടത്തിയ അധ്യാപകരുടെ മീറ്റിംഗ് ജനുവരി 1–ാം തിയതി കാലത്ത് 10 മുതൽ 11.30 വരെ ഡി ബി സി എൽ സി യിൽ വെച്ച് നടത്തുന്നു.

**9. BASIC CTC Course**

നവംബർ 18–20, 25–27 തിയതികളിലായി 2 ബാച്ച് Basic CTC Course നടത്തുകയുണ്ടായി. 100 ഓളം അധ്യാപകർ കോഴ്സിൽ പങ്കെടുക്കുകയുണ്ടായി.

**10. ലഹരി വിരുദ്ധ ക്യാമ്പെയിൻ –** അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തൃശൂർ DBCLC യിൽവെച്ച് നടത്തപ്പെട്ട ലഹരിവിരുദ്ധ ബോധവത്ക്കരണ ക്യാമ്പയിൻ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിൽ ജോയിന്റ് കൺവീനർ പ്രൊഫ. സി.എഫ്. ബിനോയ് സ്വാഗതവും, റവ. ഫാ. ദേവ് അക്കര OFM, റവ.ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, ശ്രീമതി സജി സൈമൺ (Welfare Officer, Jail Dept.), അഡ്വ. സോജൻ ജോബ്, ഡോ. ടോണി ജോസഫ്, ഡോ. ജോർജ്ജ് ലിയോൺസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വവും നൽകുകയുണ്ടായി. ക്യാമ്പയിനിൽ DBCLC ഡയറക്ടർ റവ.ഡോ. ഫ്രാൻസിസ് ആളൂർ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. യൂണിറ്റ്തലത്തിൽ ലഹരി വിരുദ്ധ സ്ക്വാഡുകൾ രൂപീകരിക്കും. ഡോ. ഇഗ്നേഷ്യസ് ആന്റണി നന്ദി പറഞ്ഞു. ബോധവത്കരണ ക്യമ്പയിൽ പ്രവർത്തനങ്ങൾക്ക് അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിൽ കൺവീനർ ജോർജ് വി. കെ നേതൃത്വം നൽകി.

**11. എസിസി അധ്യാപക മീറ്റിംഗ്**

എസിസി അധ്യാപക മീറ്റിംഗ് ഡിസംബർ 11 ന് 1.30 മുതൽ ഡിബിസിഎൽസിയിൽ വെച്ച് നടത്തുകയുണ്ടായി.'യുവജന വിശ്വാസപരിശീലനം അഭിമുഖീകരിക്കുന്ന വെല്ലുവിളികളും പ്രതിസന്ധികളും', വിശ്വാസപരിശീലനശൈലി, പ്രായോഗിക മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ക്ലാസ്സുകൾ നടത്തി. വിശ്വാസപരിശീലന ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ, വിശ്വാസപരിശീലന കൗൺസിൽ, ക്രിസ്ഫോം ടീം, യുവജന വിശ്വാസപരിശീലന സമിതി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**12. Service Award**

ഈ വർഷം സർവ്വീസ് അവാർഡിന് അർഹരായവരുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| 15 YEARS | | |
|---|---|---|
| SL.NO. | NAME | UNIT |
| 1 | Mrs. Daisy Jose | Adat |
| 2 | Mrs. Lovely Xavier | Adat |
| 3 | Mrs. Treasa Joy | Adat |
| 4 | Mr. Ajith Anto | Ambakkad |
| 5 | Sheeba Tony | Ambakkad |
| 6 | Sherly Babu | Ambakkad |
| 7 | Sherly Shony | Ambakkad |
| 8 | Binitha Thomas | Ambakkad |
| 9 | Mrs. Lissy Jose | Ammadam |
| 10 | Mrs. Mercy Jose | Anthikkad |
| 11 | Mrs. Geena Anto | Aranattukara |
| 12 | Mr. Sunil Jose T | Aranattukara |
| 13 | Mrs. Sheela Bhasi | Arimpur |
| 14 | Mr. Sibi Antony | Arimpur |
| 15 | Mr. Jacob V K | Arthat |
| 16 | Mrs. Blessy Nixon | Athany |
| 17 | Mrs. Sheena Anto | Athany |
| 18 | Mrs. Annie George | Avanur |
| 19 | Mr. Johnson Mecheripadi | Avinissery |
| 20 | Mr. Jos Davis | Ayyanthole |
| 21 | Mrs. Winny Baby | Bharatha |
| 22 | Mr. Mejo K J | Brahmakulam |
| 23 | Mrs. Lilly Vincent | Chazhur |
| 24 | Mrs. Sheeba Antony | Chazhur |
| 25 | Mrs. Rosamma joseph | Chelakkara |
| 26 | Mrs. Bindu benny | Chemmannur |
| 27 | Mrs. Sheeja Stalin | Chemmannur |
| 28 | Mr. Binoy C. J. | Cherumkuzhy |
| 29 | Mr. Jose K.I. | Cherumkuzhy |
| 30 | Mrs. Metti Simson | Chettupuzha |
| 31 | Mrs. Sheeba Babu | Chettupuzha |
| 32 | Mr. Binoy Perumbilly | Chevoor |
| 33 | Mr. Sijo K Stanly | Chevoor |

| | | |
|---|---|---|
| 34 | Mrs. Zini Jacob | Chevoor |
| 35 | Mr. Babu T D | Chittilappilly |
| 36 | Mrs. Saritha Paul | Chittissery |
| 37 | Mrs. Maggie Joseph | Chowannur |
| 38 | Mrs. Shina Jaison | Chowannur |
| 39 | Mr. Roy C D | Chuvannamannu |
| 40 | Mr. Brinto K A | Enamakkal |
| 41 | Sr. Ceeliya Grace CHF | Enamakkal |
| 42 | Mr. Flirgo George | Eranellur |
| 43 | Mrs. Bindhu Varghese | Eravu |
| 44 | Mr. Friends K. V. | Erumapetty |
| 45 | Mrs. Biji Shaji | Eyyal |
| 46 | Mr. Anto V J | Kakkassery |
| 47 | Mr. C. K. Joshy | Kakkassery |
| 48 | Mrs. Tessy Joju | Kandassankadavu |
| 49 | Mrs. Jaicy Jaison | Kanjani |
| 50 | Mrs. Nirmala Biju | Kannara |
| 51 | Mrs. Jessy James | Karamuck North |
| 52 | Mrs. Saliny Devassy | Kodannur |
| 53 | Mrs. Sini A K | Kodannur |
| 54 | Mrs. Vincy Binoj | Kodannur |
| 55 | Sr. Joel C.M.C | Kolazhy |
| 56 | Mrs. Josy Prince | Kolengattukara |
| 57 | Mrs. Lissy Sunny | Kolengattukara |
| 58 | Mr. Jose P.K | Koonammoochy |
| 59 | Mrs. Hena Simon | Kuttamkulam |
| 60 | Mrs. Liji Kuriyakose | Kuttamkulam |
| 61 | Mrs. Lisy Francis | Kuttamkulam |
| 62 | Mrs. Sheela P F | Manalady |
| 63 | Mrs. Biji Anto | Manalur east |
| 64 | Mrs. Joby Davis | Manalur east |
| 65 | Mr. Varghese Vadakan | Mannampetta |
| 66 | dr. Manu Johns Chowallur | Mariapuram |
| 67 | Mr. Shebin Jose | Mariapuram |
| 68 | Sr. Asha Francis | Mayannur |
| 69 | Mrs. Sholy Binu | Mayannur |

| | | |
|---|---|---|
| 70 | Mr. A I Varghese | Mukkattukara |
| 71 | Mr. Shiju Varghese T | Mukkattukara |
| 72 | Mr. Antony P C | Mullakkara |
| 73 | Mr. Sunny M Panthackal | Mullakkara |
| 74 | Mr. Thomas Varkey | Mullakkara |
| 75 | Mrs. Nisha Benny | Mullassery |
| 76 | Mr. Saji C Paulson | Nadathara |
| 77 | Mrs. Liji Viju | Nambazhikad |
| 78 | Mr. Paul T D | Nellankara |
| 79 | Mrs. Gracy Sasi | Nirmalapuram |
| 80 | Gigi Francis | Ollukkara |
| 81 | Mrs. Princy Raphy | Ollur |
| 82 | Mrs. Rani Anto | Ollur |
| 83 | Mrs. Rosily Francis | Ollur Marymatha |
| 84 | Mrs. Annie anto | palakkal |
| 85 | Mrs. Naicy raphy | palakkal |
| 86 | Mrs. Silvy johnson | palakkal |
| 87 | Sr. Anu maria cmc | palakkal |
| 88 | Mrs. Jiny shaji | palazhy |
| 89 | Mrs. Lincy sebatian | palazhy |
| 90 | Mrs. Seena shaju | pallikkunnu |
| 91 | Mrs. Bretty varghese | panamuck |
| 92 | Mrs. Sheela sunny | parannur |
| 93 | Mrs. Mini johnson | parempadam |
| 94 | Mr. Ferin jacob | pavaratty |
| 95 | Mr. Francin o a | pavaratty |
| 96 | Mrs. Sonia cliffard | pavaratty |
| 97 | Mrs. Joicy domini | pazhayangadi |
| 98 | Mrs. Jasmine joby | pazhayangadi |
| 99 | Mrs. Julie shaji | pazhayannur |
| 100 | Mr. Akhil anto francis | pazhunnana |
| 101 | Mrs. Sheeja anto | pazhuvil |
| 102 | Mr. Pius m f | perakam |
| 103 | Mr. Vijo varghees | perakam |
| 104 | Mrs. Shylaja francis | peramangalam |
| 105 | Mrs. Jancy raphel | peringad |

| | | |
|---|---|---|
| 106 | Mrs. Sheeja joju | ponnore |
| 107 | Mrs. Bijily paul | ponnore |
| 108 | Mr. Benny varkey | ponnukkara |
| 109 | Mr. Antony prasanth | poochinnipadam |
| 110 | Mr. Joseph lison paul | poochinnipadam |
| 111 | Mr. Sanoj paul | poochinnipadam |
| 112 | Mrs. Saly jose | Poomala |
| 113 | Mrs. Maymol roy | Poothole |
| 114 | Mr. Jenson varghese | Porathur |
| 115 | Mrs. Cigi shajan | Pulakattukara |
| 116 | Mrs. Nisha raphy | Pullazhi |
| 117 | Mrs. Beena peeyus | Puthuruthy |
| 118 | Mrs. Bindhu George | Thaikkattussery |
| 119 | Mrs. Raji Joby | Thaikkattussery |
| 120 | Mr. James Jacob | Thandilam |
| 121 | Mrs. Jolly James | Thangalur |
| 122 | Mr. Vibin CF | Thayyur |
| 123 | Mrs. Mini Peter | Thayyur |
| 124 | Sr. Delna | Thiroor |
| 125 | Mr. Jinto George C | Thiroor |
| 126 | Mr. Pinto A V | Thiroor |
| 127 | Mr. Varghese K L | Thoravu |
| 128 | Mrs. Lijy Roy | Thoyakkavu |
| 129 | Sr. Jasmine CMC | Thrissur Dolours |
| 130 | Mrs. Shiny Varghese | Thrissur Lourdes |
| 131 | Mrs. Julie Tomy | Valakkavu |
| 132 | Mrs. Shyni John | Valakkavu |
| 133 | Mrs. Siji T D | Vallachira |
| 134 | Mrs. Jincy George | Vaniampara |
| 135 | Mrs. Mary Justin | Varadiam |
| 136 | Mrs. Gretta Baby | Varakkara South |
| 137 | Mr. Rosily Jose Mathew | Varakkara South |
| 138 | Mrs. Shandry Joseph | Varavoor |
| 139 | Mrs. Lucy Varghese | Velappaya |
| 140 | Mr. Biju thomas muttath | Vijayapuram |
| 141 | Mr. Majo C. Jacob | Viyyur |

| 25 YEARS | | |
|---|---|---|
| **SL.** | **NAME** | **UNIT** |
| 1 | Mrs. Rosy Lazar | Aloor |
| 2 | Mr. Gogy.P.A | Ammadam |
| 3 | Mr. Vinoj Jose V | Anjoor |
| 4 | Mrs. Regeena Francis | Anthikkad |
| 5 | Mrs. Thankamma Jose | Anthikkad |
| 6 | Mrs. Jessy Joseph | Anthikkad |
| 7 | Mr. Jerry F.Ponmany | Aranattukara |
| 8 | Mr. Leo P.George | Aranattukara |
| 9 | Mr. Sebastian C I | Arimbur |
| 10 | Mrs. Baby Johny | Ayyanthole |
| 11 | Mr. Thomas K V | Chengaloor |
| 12 | Mrs. Betty George | Chevoor |
| 13 | Mr. Jeeji Francis | Chevoor |
| 14 | Sr. Tessin C M C | Choondal |
| 15 | Mrs. Valsa Thomas | Elthuruth |
| 16 | Mr. Bastian C J | Enamakkal |
| 17 | Mr. Bijoy P I | Enamakkal |
| 18 | Mr. Jilson Thomas C | Enamakkal |
| 19 | Mrs. Mary Varghese | Enamakkal |
| 20 | Mr. Mathew C R | Enamakkal |
| 21 | Mr. Paulson C M | Enamakkal |
| 22 | Mrs. Sosamma Joseph | Eranellur |
| 23 | Mrs. Moly Shaju | Kandassankadavu |
| 24 | Mrs. Joysy Varghese | Kiraloor |
| 25 | Mrs. Daisy Francis | Kiraloor |
| 26 | Mrs. Reena Antony | Kizhuppillikkara |
| 27 | Mr. Sojan Job | Koonammoochy |
| 28 | Mrs. Sheeba Varghese | Kottapady |
| 29 | Mr. Johnson T P | Madona Nagar |
| 30 | Mr. Lijo Jose P J | Mukkattukara |
| 31 | Mr. Varghese A J | Mullurkara |
| 32 | Mr. Wilson K L | Mundur |
| 33 | Mr. Joseph O D | Nellikkunnu |

| | | |
|---|---|---|
| 34 | Mr. Jijo Jose | Nirmalapuram |
| 35 | Mr. Roy T Chungath | Ollur |
| 36 | Mrs. Tessy Davis | Ollur Marymatha |
| 37 | Mrs. Beena Francis | Padavarad |
| 38 | Mrs. Annie Jacob | Parempadam |
| 39 | Mr. Sojan P K | Pavaratty |
| 41 | Mrs. Ancy Tomy | Pazhayannur |
| 42 | Mr. Sebastian C T | Perakam |
| 43 | Mrs. Elsy Benz | Porathur |
| 44 | Mr. Roby A A | Porathur |
| 45 | Mrs. Ammini Xavier | Punkunnam |
| 46 | Mrs. Mini James | Puthenpeedika |
| 47 | Mrs. Jancy Johny | Snehapuram |
| 48 | Mr. Jaison K.A | Thalore |
| 49 | Mr. Denny C V | Thiroor |
| 50 | Mr. Pious K R | Thrissur Dolours |
| 51 | Mr. Rajeev Varghese | Thrissur Dolours |
| 52 | Mr. George Lazar | Thrissur Lourdes |
| 53 | Mr. Thomas Myladoor | Valakkavu |
| 54 | Mrs. Jancy Babu | Vendore |
| 55 | Mrs. Daisy Louis | Venginissery |
| 56 | Mrs. Jainy Jose | Vettukad |
| 57 | Mr. James P J | Vettukad |
| 58 | Mr. Joshy P J | Vettukad |
| 59 | Mrs. Alphonsa Lazar | Athany |

## 35 YEARS

| SL NO. | NAME | UNIT |
|---|---|---|
| 1 | Mr. Johny Thattil | Chittissery |
| 2 | Mr. Ouseph P T | Karumathra |
| 3 | Mr. Thomas A L | Kottapady |
| 4 | Mr. Fredy Antony | Mariapuram |
| 5 | Sr. Geo | Mundathicode |
| 6 | Mrs. Moly Jose | Nirmalapuram |
| 7 | Mr. Davis K O | Peramangalam |

| | | |
|---|---|---|
| 8 | Mr. Kuriakose P A | Ponganamkad |
| 9 | Mrs. Anna Paul | Poochinnipadam |
| 10 | Mr. Augustine C L | Porathur |
| 11 | Mrs. Ancy James | Vendore |
| 12 | Miss. Chinnamma K J | Vettukad |

**45 YEARS**

| SL.NO. | NAME | UNIT |
|---|---|---|
| 1. | Mr. Joy Koola L | Aranattukara |
| 2. | Mr. Wilson Pallipuram | Padavarad |

## 13. RETIRED TEACHERS LIST

| SL.NO. | NAME | UNIT |
|---|---|---|
| 1 | Joy Francis P | Ammadam |
| 2 | Kochuthresia FRANCIS | Chemmannur |
| 3 | Xavier Puthur | Kumbalangad |
| 4 | Antony Chirammel | Kuriachira |
| 5 | Raphael Kakkassery | Mattom |
| 6 | Celina Jacob | Mundur |
| 7 | Elsy Varunny | Mundur |
| 8 | Angel Joy | Mundur |
| 9 | Mary Varghese | Nehru Nagar |
| 10 | Mercy Paul | Orumanayoor |
| 11 | M P Rappai | Palakkal |
| 12 | Dr. Daizy Antony | Palakkal |
| 13 | Mercy Mathew | Palakkal |
| 14 | Joseph K K | Paravattani |
| 15 | Rosy M L | Paravattani |
| 16 | Omana M L | Paravattani |
| 17 | P C Kuriappan | Paravattani |
| 18 | Rosy Lonappan | Paravattani |
| 19 | Johny P T | Puranattukara |
| 20 | Flory David | Puranattukara |
| 21 | Alphonsa K R | Thalore |
| 22 | George M P | Thandilam |

| | | |
|---|---|---|
| 23 | Joseph V C | Valakkavu |
| 24. | Paul P D | Vadookkara |

## 14. FULL ATTENDANCE TEACHERS LIST

| SL. NO | NAME | UNIT |
|---|---|---|
| **10 YEARS** | | |
| 1 | Simon O J | Kottapady |
| 2 | Annie Jose | Kannara |
| 3 | Julie Thomas | Valakkavu |
| 4 | Ceeliya Vincent | Ollur |
| 5 | Silvi Rappai | Ollur |
| 6 | Biji Anto | Manalur East |
| 7 | Jilu Raju | Sevanalayam |
| 8 | Jospheena Paulson | Kottekad |
| 9 | Shylaja Francis | Peramangalam |
| 10 | Thomas Kulangara | Vadanappilly |
| 11 | Annies Joy | Varakkara |
| **20 YEARS** | | |
| 12 | Victor Jose A | Puranattukara |
| **30 YEARS** | | |
| 13 | Sunny C A | Puthuruthy |

## 15. TEACHERS EXCELLENCE AWARD

| | |
|---|---|
| 1. Dr. Ignatious Antony | Thrissur Lourdes |
| 2. Mr. Starlin Shinto | Puthenpeedika |
| 3. Mr. Sebin Sunny P. | Mundathikode |

## II. Daily Catechism

**സ്കൂൾ കാറ്റകിസം മോറൽ സയൻസ് വാർഷികപരീക്ഷ: ജനുവരി 6 വെള്ളി**

Std. I, III, V, VII, IX, XI **രാവിലെ 10 മുതൽ 12 വരെ**

Std. II, IV, VI, VIII, X, XII **ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ**

**സ്കോളർഷിപ്പ് പരീക്ഷകൾ:**

സ്കൂൾ കാറ്റകിസം: ജനുവരി 28 ശനിയാഴ്ച്ച Std. IV, VII, X

മോറൽ സയൻസ്: ഫെബ്രുവരി 11 ശനിയാഴ്ച്ച Std. IV, VII, X, XII

(രാവിലെ 10 മുതൽ 12 വരെ ഡിബിസിഎൽസി യിൽ വെച്ച്)

പുതുവത്സരാശംകളോടെ സസ്നേഹം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies (Three Years)** (affiliated to Katholicke Universiteit, Leuven, Belgium): സെക്കന്റ് സെമസ്റ്ററിലെ Patrology (Rev. Fr. Shiju Chittilapilly), Theology of Revelation and Faith (Rev. Fr. Rijo Vithayathil), Theology of Sacramentals (Rev. Dr. Bilju Vazhappilly), Laity and Religious: Their Vocation and Mission (Rev. Fr. Manoj Kizhoormuttickal), Role of the Laity in the Pastoral Work in the Indian Context (Rev. Dr. Shijo Chiriankandath) ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. ഡിസംബർ 11–ാം തിയ്യതി നടന്നഎക്യൂമിനിക്കൽ സെമിനാറിൽ B.A. in Theology Students പങ്കെടുത്തു.
2. **Certificate Course in Theology (One Year)** (affiliated to Chair for Christian Studies and Research, Calicut University) ഡിസംബർ 18–ാം തിയ്യതി 2022–2023 ബാച്ചുക്കാരുടെ സ്നേഹത്തിന്റെ സന്തോഷം (Rev. Dr. Twinkle Vazhappilly) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**3. Course on Theology of Family (One and Half Years)**
Education of Children (Prof. Dr. Ignatius Antony) എന്ന വിഷയത്തിന്റെ ക്ലാസ്സ് ഡിസംബർ 18 ന് നടന്നു. 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**4. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University): സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course ന്റെ Exam DBCLC യിലും മേരിമാതാ മേജർ സെമിനാരിയിലും നടന്നു.

**5. Online Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)
**വിശ്വാസപ്രമാണം** (Rev. Dr. Lijo Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് ഡിസംബർ 18 ന് നടന്നു.
ഈ Certificate Course-ൽ 120 പേരാണ് പങ്കെടുക്കുന്നത്.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

## എക്സൽ അക്കാദമി

**<u>Excel excellence exam (EEE) *(Parish level & School level)*</u>**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ തൃശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലെയും വിശ്വാസ പരിശീലന ക്ലാസ്സുകളിലെ 7,8,9,10,11 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഈ പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

ഇടവക തലത്തിലും സ്കൂൾതലത്തിലും ഈ പരീക്ഷ സംഘടിപ്പിക്കുന്നുണ്ട്. 2023 ഫെബ്രുവരി 5–ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലെ വിശ്വാസപരിശീലനക്ലാസുകളിൽവെച്ചും, 2023

ഫെബ്രുവരി മൂന്നാം തീയതി വെള്ളിയാഴ്ച ജില്ലയിലെ എല്ലാ സ്കൂളുകളിലും വെച്ചും എക്സൽ എക്സലൻസ് എക്സാം നടത്തപ്പെടുന്നു ഈ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് അവാർഡുകൾ നൽകുന്നതാണ്. തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് എക്സൽ എക്സലൻസ് ഫൗണ്ടേഷൻ കോഴ്സിലേക്ക് പ്രവേശനം ലഭിക്കും.

**<u>K-TET Course</u>** (Kerala Teachers eligibility test)

എക്സൽ അക്കാദമിയുടെ K-TET കോഴ്സിന്റെ പതിനഞ്ചാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു ഒന്ന്, രണ്ട്, മൂന്ന്, നാല് കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. ജനുവരി ആദ്യം ക്ലാസുകൾ ആരംഭിക്കും.

<u>KER- KSR Course</u>

KER-KSR കോഴ്സിന്റെ പുതിയ ബാച്ച് അഡ്മിഷൻ ഡിസംബർ അവസാനം ആരംഭിച്ചു.

**<u>PSC</u> കോഴ്സ്**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ 2023 ജനുവരി മാസത്തിൽ PSC റെഗുലർ കോഴ്സ് (തിങ്കൾ മുതൽ വെള്ളി വരെ) ആരംഭിക്കുന്നു അഡ്മിഷൻ ആരംഭിച്ചു.

**<u>IELTS COACHING</u>**

എക്സൽ അക്കാദമി DBCLC കാമ്പസ്സിൽ ഫെബ്രുവരി മാസത്തിൽ IELTS കോച്ചിങ്ങ് ആരംഭിക്കുന്നു.

**<u>EXCEL CAREER GUIDENCE PROGRAMME</u>**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ എക്സൽ കരിയർ ഗൈഡൻസ് പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു. മോട്ടിവേഷൻ സ്പീക്കർ, കരിയർ ഗുരു, പ്രഗൽഭരായ അധ്യാപകർ ക്ലാസുകൾ നയിക്കുന്നു. താല്പര്യമുള്ള ഇടവകകൾ, സ്ഥാപനങ്ങൾ എക്സൽ അക്കാദമിയുമായി ബന്ധപ്പെടേണ്ടതാണ്.

**<u>PSC</u> സൗജന്യ പരിശീലനം**

കേരള സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ പി എസ് സി സൗജന്യ പരിശീലനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കേരള സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ സബ് സെൻറർ ആയി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും സൗജന്യ പി.എസ്സ്.സി

ക്ലാസുകൾ നടക്കുന്നു.
**കൂടുതൽ വിവരങ്ങൾക്ക് – 9847276657, 9744941585**

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**വിശുദ്ധ സിസിലിയുടെ തിരുനാൾ**

ദൈവാലയ ഗായകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ സിസിലിയുടെ തിരുനാൾ നവംബർ 22–ാം തിയ്യതി സമുചിതമായി ആചരിച്ചു. അന്നേദിവസം വൈകീട്ട് ബാച്ചടിസ്ഥാനത്തിൽ സങ്കീർത്തനാലാപന മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**സ്നേഹോത്സവം**

ഇടവകകളുടെ ആത്മീയനവീകരണത്തിന് സഹായിക്കാനും ദൈവജനത്തെ ശുശ്രൂഷിച്ചുകൊണ്ട് ഈശോയുടെ തിരുഹൃദയത്തിനിണങ്ങിയ അജപാലനപരിശീലനം നേടാൻ വൈദികവിദ്യാർത്ഥികൾക്ക് അവസരമൊരുക്കാനുമായി വിഭാവനം ചെയ്തിരിക്കുന്ന സ്നേഹോത്സവം 2022 നവംബർ 27 മുതൽ ഡിസംബർ 2 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ അമ്മാടം, തൃശൂർ വെസ്റ്റ് ഫോർട്ട് എന്നീ ഇടവകകളിൽ സംഘടിപ്പിച്ചു. സെമിനാരിയിലെ വൈദികരും വൈദികവിദ്യാർഥികളും രണ്ട് ഗ്രൂപ്പുകളായി മേൽ പറഞ്ഞ രണ്ട് ഇടവകകളിൽ ഒരാഴ്ച കാലം ശുശ്രൂഷ ചെയ്തു.

**ഡീക്കന്മാരുടെ ധ്യാനം**

ഈ അദ്ധ്യയനവർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ഡീക്കന്മാരുടെ ധ്യാനം ഡിസംബർ 4–ാം തിയ്യതി മുതൽ 11 ഉൾപ്പടെയുള്ള ദിവസങ്ങളിൽ ഇല്ലിത്തോടുള്ള സന്നിധാന ധ്യാനഭവനത്തിൽ വച്ച് നടന്നു. റവ. ഫാ. വിൻസെന്റ് കുണ്ടുകുളം നയിച്ച ധ്യാനം ബഹുമാനപ്പെട്ട ഡീക്കന്മാർക്ക് തിരുപ്പട്ടസ്വീകരണത്തിനുമുമ്പുള്ള നല്ല ആത്മീയ ഒരുക്കമായി അനുഭവപ്പെട്ടു.

**പാസ്റ്ററൽ ഡയറക്ടർമാരുടെ മീറ്റിങ്ങ്**

വൈദികവിദ്യാർത്ഥികൾ ഞായറാഴ്ചതോറും അജപാലന ശുശ്രൂഷകൾക്കായി പോകുന്ന ഇടവകകളിലെ ബഹു. വികാരിയച്ചന്മാരുടെ മീറ്റിങ്ങ് 2022 ഡിസംബർ 7–ാം തിയ്യതി ചേരുകയുണ്ടായി. തദവസരത്തിൽ അജപാലനപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി ഫലപ്രദമായ ആശയവിനിമയങ്ങൾ നടന്നു.

**നല്ലിടയനോടൊപ്പം**

സെമിനാരിയുടെ രജതജൂബിലിയോടനുബന്ധിച്ച് ഡിസംബർ മാസത്തിലെ പ്രത്യേകം വിചിന്തന വിഷയമായി തെരഞ്ഞെടുത്തത് നല്ലിടയനോടൊപ്പം എന്നതായിരുന്നു. എല്ലാ അജപാലകരിലും അനുകമ്പാർദ്രമായ ഹൃദയം രൂപപ്പെടുവാൻ ഈ ദിവസങ്ങളിൽ സെമിനാരികുടുംബം പ്രത്യേകം പ്രാർത്ഥിച്ചു.

**പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുന്നാൾ**

സെമിനാരിയുടെ മധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുന്നാൾ ഡിസംബർ 8–ാം തിയ്യതി ആചരിച്ചു. അന്നേദിവസം രാവിലെ റവ. ഫാ. ലിൻസൻ തട്ടിൽ ആഘോഷമായ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. വൈകീട്ട് മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ സെമിനാരി കുടുംബം പ്രാർത്ഥനാപൂർവ്വം സംബന്ധിച്ചു. സെമിനാരിയുടെ രജതജൂബിലിയോടനുബന്ധിച്ച് നവീകരിച്ച Good Shepherd Grotto അഭിവന്ദ്യ തൂങ്കുഴി പിതാവ് ആശീർവ്വദിച്ചു. 25 വർഷങ്ങൾക്കുമുമ്പ് പരിശുദ്ധ അമലോത്ഭവമാതാവിന്റെ തിരുനാൾ ദിവസമായിരുന്നു മേരിമാതാ മേജർ സെമിനാരിയുടെ അടിസ്ഥാനശിലാസ്ഥാപനം.

**മാസധ്യാനം**

2022 ലെ അവസാന മാസധ്യാനം ഡിസംബർ 19–ാം തിയ്യതി നടന്നു. റവ. ഫാ. ലിജോ ഐക്കരത്താഴെ MSJ നൽകിയ ധ്യാനവിചിന്തനങ്ങൾ ക്രിസ്തുമസിനെയും പൗരോഹിത്യജീവിതത്തെയും കുറിച്ചുള്ള ആഴമേറിയ ഉൾക്കാഴ്ചകൾ ഉൾക്കൊള്ളുന്നതായിരുന്നു.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 19–ാം തിയ്യതി വൈകീട്ട് സെമിനാരി കുടുംബം ക്രിസ്തുമസ് ആഘോഷിച്ചു. പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ക്രിസ്തുമസ് പ്രഭാഷണവും ആഘോഷങ്ങളെ അർത്ഥപൂർണ്ണമാക്കി. എല്ലാവരും പരസ്പരം ആശംസകൾ നേർന്നു. അടുത്ത ദിവസം ക്രിസ്തുമസ് അവധിക്കായി എല്ലാവരും സ്വഭവനങ്ങളിലേക്ക് യാത്രയായി.

**പരീക്ഷകൾ**

2022–2023 അദ്ധ്യയനവർഷത്തിലെ രണ്ടാം സെമസ്റ്റർ ആദ്യപാദ പരീക്ഷകൾ ഡിസംബർ 10 മുതൽ 17 വരെയുള്ള തിയ്യതികളിലായി നടന്നു. ഒഴിവുദിവസങ്ങൾക്കുശേഷം 2023 ജനുവരി 6–ാം തിയ്യതി മുതൽ വീണ്ടും ക്ലാസ്സുകൾ ആരംഭിക്കും.

**തിരുപ്പട്ട സ്വീകരണം**

ഈ അദ്ധ്യയനവർഷം പരിശീലനം പൂർത്തിയാക്കിയ 15 ബഹുമാനപ്പെട്ട ഡീക്കന്മാരുടെ തിരുപ്പട്ടം സ്വീകരണം 2022 ഡിസംബർ 26–ാം തിയ്യതി മുതൽ ആരംഭിക്കും. 2023 ജനുവരി 4–ാം തിയ്യതിയോടെ അവരിൽ 8 പേർ പുരോഹിതരായി അഭിഷിക്തരാകും. മറ്റുള്ളവരുടെ തിരുപ്പട്ടസ്വീകരണം 2023 ഏപ്രിൽ–മെയ് മാസങ്ങളിലാണ് നടക്കുക.

**ബേഴ്സ് സ്ഥാപിച്ചവർ**

## Patron Membership

1. ശ്രീ. പി. വി. ജോസഫ് & ശ്രീമതി റീന പീറ്റർ, പുളിക്കിയിൽ ഹൗസ്, ചോറ്റുപാറ, തൃശൂർ.
2. ശ്രീ. കെ. വി. വർഗീസ്, കോനിക്കര ഹൗസ്, മണ്ണുത്തി, തൃശൂർ.

## Benefactor Membership

1. ശ്രീ. ചാക്കോ പോൾ, ആളൂർ ഹൗസ്, കണിമംഗലം, തൃശൂർ.
2. റവ. ഫാ. റിജോ തൈക്കാടൻ Ofm.Cap., C/o സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോന ചർച്ച്, വേലൂർ, തൃശൂർ അതിരൂപത.
3. ശ്രീ. വർഗീസ് ടി. എഫ്., തട്ടിൽ ഹൗസ്, പുല്ലഴി, ഒളരിക്കര, തൃശൂർ.

നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്താതെ (ഹെബ്രാ. 13:16) ഞങ്ങളെ കരുതുന്ന എല്ലാ ഉപകാരികൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

## ദൈവശാസ്ത്ര കോൺഫറൻസ്

ഫ്രാൻസിസ് മാർപ്പാപ്പയുടെ സിനഡാലിറ്റിയെക്കുറിച്ചുള്ള ദർശനങ്ങൾ ഉൾക്കൊണ്ട് Listening and Learning: History and Culture in Dialogue with Pope Francis എന്ന വിഷയത്തെ അധികരിച്ച് 2023 ജനുവരി 6, 7, 9 തിയ്യതികളിൽ ത്രിദിന കോൺഫറൻസ് സംഘടിപ്പിക്കുന്നു. വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികവും തൃശൂർ മേരിമാതാ മേജർ സെമിനാരിയുടെ രജത ജൂബിലിയും പ്രമാണിച്ച് നടത്തുന്ന ഈ കോൺഫറൻസിൽ ഇരുപതിലധികം വിദഗ്ദ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ജനുവരി 6, 7 തിയ്യതികളിൽ സെന്റ് തോമസ് കോളേജിലും ജനുവരി 9 ന് മേരിമാതാ മേജർ സെമിനാരിയിലും കോൺഫറൻസ് നടക്കും ചരിത്രം, ധാർമ്മികത, സംസ്കാരം, ദൈവശാസ്ത്രം തുടങ്ങിയ മേഖലകളിൽ നിന്നും സഭ ശ്രവിക്കേണ്ടതും പഠിക്കേണ്ടതുമായ കാര്യങ്ങൾ ഈ ദിനങ്ങളിൽ വിചിന്തനത്തിന് വിഷയമാകും. കോൺഫറൻസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2022 ഡിസംബർ 31 -ാം തിയ്യതിക്ക് മുമ്പായി റവ. ഫാ. പോൾ പുളിക്കനെ വിവരം അറിയിക്കണം (ഫോൺ: 94 47 23 91 44).

# സെന്റ് മേരീസ് മൈനർ സെമിനാരി

### ആരാധന ദിനം

നവംബർ 20-ാം തിയ്യതി ക്രിസ്തുരാജത്വ തിരുനാൾ ദിനം സെമിനാരി കുടംബം ആരാധന ദിനമായി ആചരിച്ചു. ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ആരാധനയുടെ അവസാന മണിക്കൂറിൽ സെമിനാരിക്കാരുടെ മാതാപിതാക്കന്മാരും പങ്കെടുത്തിരുന്നു.

### അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് നവംബർ 29-ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**മാസധ്യാനം**

ഡിസംബർ 10, 16 തിയ്യതികളിൽ ഫാ. ജോമോൻ മങ്ങാട്ടിളയൻ, ഫാ. ജിനു പയ്യപ്പിള്ളി എന്നിവർ യഥാക്രമം മൈനർ സെമിനാരി, ഡിഗ്രി വിദ്യാർത്ഥികൾ എന്നിവർക്കായി മാസ ധ്യാന ചിന്തകൾ നൽകി.

**ഡിഗ്രി സെമിനാരി വിദ്യാർത്ഥികൾ**

സെമിനാരിയിൽ താമസിച്ച് ഡിഗ്രി പഠനം നടത്തിയിരുന്ന സെമിനാരിക്കാർ ഡിസംബർ 20–ാം തീയതി ഒരുമാസക്കാലത്തെ പരിശീലനം പൂർത്തിയാക്കി വീടുകളിലേക്ക് തിരിച്ചുപോയി. നാല് വാരാന്ത്യങ്ങളിൽ നടന്ന പ്രത്യേക പരിശീലന ക്ലാസുകൾക്ക് ഫാ. വിൻസെന്റ് കുണ്ടുകുളം, ഫാ. ഡോ. ദേവ് അക്കര OFM, ഫാ. റോണി പുത്തൻപുരയ്ക്കൽ എന്നീ വൈദികരും പ്രൊഫ. കെ.എം. ഫ്രാൻസിസും നേതൃത്വം നല്കി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ഫാ. ആൻസൻ നീലങ്കാവിൽ, തൃശൂർ അതിരൂപത
2. ശ്രീ. ജോൺസൻ കെ.വി., കാഞ്ഞിരപറമ്പിൽ ഹൗസ്, മുണ്ടൂർ
3. ശ്രീ. ജോർജ്ജ് സി.പി., ചിറമ്മൽ ഹൗസ്, ഏനാമ്മാവ്
4. ശ്രീമതി ആലീസ് എം.എ., ചിറമ്മൽ ഹൗസ്, ഏനാമ്മാവ്
2022 ഡിസംബർ 4 –ാം തിയ്യതി വിവാഹത്തിന്റെ പത്താം വർഷം പുത്തൻപള്ളിയിൽ വച്ചും, ഡിസംബർ 10, 17 എന്നീ തിയ്യതികളിലായി വിവാഹത്തിന്റെ 25, 50 ജൂബിലികൾ ലൂർദ്ദ് പള്ളിയിൽ വച്ചും അതിരൂപതതല ആഘോഷങ്ങൾ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും ആഘോഷങ്ങളിൽ പങ്കെടുത്തു. ബഹു. വിൻസെന്റ് കുണ്ടുകുളം അച്ചനും ബഹു. വർഗ്ഗീസ് കൂത്തൂരച്ചനും ക്ലാസ്സുകൾ നയിച്ചു.

**അനുഭവമായിതീർന്ന നവദമ്പതിസംഗമം**

2022 ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഡിസംബർ 4 ഞായറാഴ്ച്ച അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചത്.

**റിസോഴ്സ് പേഴ്സൻസ് മീറ്റ്**

പ്രീകാന കോഴ്സിന് സഹായിക്കുന്ന റിസോഴ്സ് ടീമിന്റെ കൂട്ടായ്മ ഡിസംബർ 19–ാം തിയ്യതി തിങ്കളാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ദീർഘകാലം പ്രീകാന കോഴ്സിന് സഹായിച്ച പ്രൊഫ. എലിസബത്ത് മാത്യുവിനും, ഡോ. അലക്സ് സെബാസ്റ്റ്യനും യാത്രാ മംഗളങ്ങൾ നേർന്നു.

**സീറോ ഡിവോഴ്സ്**

കഴിഞ്ഞ മാസത്തിൽ നടത്തറ, അരണാട്ടുക്കര, വെങ്ങിണിശ്ശേരി എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി.

**കാ വാദിസ്**

വിവാഹത്തിന്റെ അകന്ന ഒരുക്കത്തിന്റെ ഭാഗമായി ഇടവകയിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും ഫാമിലി

അപ്പൊസ്റ്റൊലേറ്റ് ക്വാ വാദിസ് എന്ന ഒരു മാർഗദർശന പ്രോഗ്രാം തയ്യാറാക്കി നടത്തി വരുന്നു. ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക – 8086677252, 9605043327. കഴിഞ്ഞ മാസം വില്ലടം, വടൂക്കര എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**അതിരൂപത കുടുംബകൂട്ടായ്മയ്ക്ക് പുതിയനേതൃത്വം**

കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ 2022–25 കാലയളവിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2022 ഡിസംബർ 11–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടന്നു. അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച ജനറൽ ബോഡിയോഗത്തിൽ അതിരൂപത ചാൻസലർ റവ.ഫാ. ഡൊമിനിക് തലക്കോടൻ ഇലക്ഷൻ നടപടിക്രമങ്ങൾക്ക് നേതൃത്വം വഹിച്ചു.

ജനറൽ കൺവീനർ – ശ്രീ ഷിന്റോ മാത്യു (പാലക്കൽ), ജനറൽ സെക്രട്ടറി – ഡോ. ജോർജ്ജ് അലക്സ് (കണ്ണംകുളങ്ങര), ട്രഷറർ – ശ്രീ ജെയ്സൻ മാണി (ലൂർദ്ദ്), ജോ.കൺവീനേഴ്സ് – ശ്രീ ബിജു വർഗ്ഗീസ് (എരുമപ്പെട്ടി) & ശ്രീമതി സുബി ജസ്റ്റിൻ (വലപ്പാട്), ജോ.സെക്രട്ടറിമാർ –ശ്രീ ലിവിൻ വർഗ്ഗീസ് (വേലുപ്പാടം) & ശ്രീമതി ഷീജ ജോൺസൺ (കാവീട്) എന്നിവരെ തിരഞ്ഞെടുത്തു.

നോമിനേറ്റഡ് മെമ്പേഴ്സ് – ശ്രീ ജിനീഷ് വടക്കുംഞ്ചേരി (കണ്ണാറ), ശ്രീ ദേവസ്സ്യാ പി. പി (മുള്ളൂർക്കര), ശ്രീ ജോയ് സി. ടി (വിയ്യൂർ)

നിലവിലെ ജനറൽ കൺവീനർ ശ്രീ പോൾ പാറക്കൽ സ്വാഗതവും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ കൺവീനർ ശ്രീ ഷിന്റോ മാത്യു നന്ദിയും രേഖപ്പെടുത്തി. പ്രസ്തുത യോഗത്തിന് അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, ഫാ. ക്രിസ്റ്റീൻ ചിറമ്മൽ, ഫാ.

ജിന്റോ ചൂണ്ടൽ, ജിനീഷ് വടക്കുംഞ്ചേരി, എ.എൽ കുര്യാക്കോസ്, ഷെറിൻ ഡേവീസ്, കേണൽ റെജീന ജെയിംസ്, ഷൈനി ഫ്രാൻസിസ് എന്നിവർ നേതൃത്വം നൽകി.

**ഭാരവാഹികളുടെ ലിസ്റ്റ്**

2022–2025 കാലയളവിലെ കുടുംബകൂട്ടായ്മ യൂണിറ്റ്, ഇടവക, ഫൊറോന, അതിരൂപത ഇലക്ഷനുകൾ ഭംഗിയായി തീർന്നു. ഇതിന് നേതൃത്വം നൽകിയ ബഹു. വൈദീകർക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ അഭിനന്ദനങ്ങളും നന്ദിയും....

തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികളുടെയും ഇടവക കേന്ദ്രസമിതി ഭാരവാഹികളുടെയും പേരുകളടങ്ങിയ ഫോമുകൾ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുക്കൂടി അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ ജനുവരി 4–ാം തിയ്യതിക്കുള്ളിൽ എത്തിക്കുമല്ലോ. ഡയറക്ടറി തയ്യാറാക്കുന്നതിനുവേണ്ടിയാണ് ഇത് ആവശ്യപ്പെടുന്നത്. ജനുവരി 4–ാം തിയതിക്കുള്ളിൽ തരാത്തവരുടെ ഡാറ്റകൾ അതിരൂപത ഡയറക്ടറിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്നും അറിയിക്കുന്നു.

**സോവനിയർ വിതരണോദ്ഘാടനം നടത്തി**

ഡിസംബർ 11–ാം തിയ്യതി നടന്ന ജനറൽബോഡി യോഗത്തിൽ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് തയ്യാറാക്കിയ സോവനിയറിന്റെ വിതരണോദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജനറൽ കൺവീനർ ശ്രീ പോൾ പാറക്കലിനു നൽകി ഉദ്ഘാടനം നിർവ്വഹിച്ചു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**തൃശ്ശൂർ അതിരൂപത മാതൃവേദി റമ്പാൻപാട്ടിൽ ഇന്ത്യൻ ബുക്ക് ഓഫ് റിക്കാർഡിൽ ഇടം നേടി**

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 വർഷം ജൂബിലി വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി മാർതോമാശ്ലീഹായുടെ ഭാരതപ്രവേശന തിരുന്നാൾ ആയ നവംബർ 21 ന് മാർതോമാശ്ലീഹ സ്ഥാപിച്ച ഭാരതത്തിലെ ആദ്യ പള്ളിയായ പാലയൂരിൽ മാതൃവേദിയുടെ നേതൃത്വത്തിൽ മെഗാ റമ്പാൻ പാട്ട് അരങ്ങേറി. അതിരൂപതയിലെ 220 പള്ളികളിൽ നിന്നുള്ള 4012 അമ്മമാർ പങ്കെടുത്ത പരിപാടി ബെസ്റ്റ് ഓഫ് ഇന്ത്യ റിക്കാർഡിൽ ഇടം നേടി. പാടാൻ എത്തിയവരും കാണികളുമായി ആയിരങ്ങൾ തിങ്ങിനിറഞ്ഞ തളിയക്കുളത്തിന്റെ കരയിൽ താമരമാതാവിന്റെ മുന്നിലായി ഒരുക്കിയ വേദിയിൽ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മെഗാ റമ്പാൻ പാട്ട് ഉദ്ഘാടനം ചെയ്തു. തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് ഫാ. ഡേവീസ് കണ്ണമ്പുഴ അധ്യക്ഷനായിരുന്നു. മാതൃവേദി അതുരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, സഹ.വികാരി ഫാ. മിഥുൻ വടക്കേത്തല, മാതൃവേദി അതിരൂപത പ്രസിഡണ്ട് എൽസി വിൻസെന്റ്, കോ–ഓഡിനേറ്റർ ബീന ജോഷി എന്നിവർ പ്രസംഗിച്ചു. ജീന ജോസഫ്, ശോഭ ജോൺസൻ, ഷൈനി ജെയ്ക്കബ്, ലിസ്സി പോൾ, ലീന ജോർജ്ജ്, ഗ്രെറ്റ ബേബി, ജെയ്മോൾ സെബാസ്റ്റ്യൻ, മേരി രാജു തുടങ്ങിയ അതിരൂപത മാതൃവേദി ഭാരവാഹികൾ നേതൃത്വം നൽകി. ലേകറിക്കാർഡിന്റെ സർട്ടിഫിക്കറ്റ് ആർച്ച് ബിഷപ്പും മെഡൽ അതിരൂപത പ്രസിഡണ്ടും ഏറ്റുവാങ്ങി. മാതൃവേദി 2017 ൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് 1250 അമ്മമാരെ പങ്കെടുപ്പിച്ച് മാർഗ്ഗംകളിയിൽ നിലവിലെ റിക്കാർഡ് തകർത്ത് തൃശ്ശൂർ അതിരൂപത മാതൃവേദി ഇന്ത്യൻ ബുക്ക് ഓഫ് റിക്കാർഡ് നേടിയിരുന്നു. ഇത് അതിരൂപത മാതൃവേദി നേടിയ രണ്ടാമത്തെ റിക്കാർഡാണ്.

**നവ്യമായ അനുഭവം**

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ദൈവസാഹയ പിള്ളയുടെ സ്ഥലത്തേക്കുള്ള തീർത്ഥയാത്ര ഡിസംബർ 12–ാം തിയ്യതി തിങ്കളാഴ്ച്ച ആരംഭിച്ച് ഡിസംബർ 14–ാം തിയ്യതി ബുധനാഴ്ച്ച തിരിച്ചെ

ത്തുകയും ചെയ്തു. തീർത്ഥയാത്രയിൽ പങ്കെടുത്ത എല്ലാവർക്കും ഇതൊരു നവ്യമായ അനുഭവമായിരുന്നു. പങ്കെടുത്തവർക്കും സഹകരിച്ചവർക്കും നന്ദി.

**അതിരൂപത ഫൊറോന ഭാരവാഹികളുടെ സംയുക്ത മീറ്റിങ്ങ്**

മാതൃവേദിയുടെ അതിരൂപത ഭാരവാഹികളുടെയും ഫൊറോന ഭാരവാഹികളുടെയും ഇടവക ഭാരവാഹികളുടെയും സംയുക്ത മീറ്റിങ്ങ് ജനുവരി 30–ാം തിയ്യതി തിങ്കളാഴ്ച്ച **(10.00** am to **1.00** pm**)** തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതായിരിക്കും. എല്ലാ അതിരൂപത, ഫൊറോന, ഇടവക ഭാരവാഹികൾ മറക്കാതെ പങ്കെടുക്കണമെന്ന് ഏറെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും **ജനുവരി 2 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ** നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

നവംബർ മാസത്തിൽ ചേറ്റുപുഴ, വെളുത്തൂർ, കിള്ളിമംഗലം,മുല്ലശ്ശേരി,ചേറൂർ,എറവ്,പൊന്നൂക്കര എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി.

കട്ടിൽ,എയർബെഡ്,ബെഡ്,ഓക്സിജൻ കോൺസൻട്രേറ്റർവീൽചെയർ എന്നീ സർജിക്കൽ ഉപകരണങ്ങളാണ് വിവിധ ഇടവകകളിലേക്കായി നൽകിയത്.

തൃശൂർ ജൂബിലി മിഷൻ ഹോസ്പിറ്റൽ **സാന്ത്വനം** സർജിക്കൽസിലേക്ക് 5 ഓക്സിജൻ കോൺസൻട്രേറ്റർ സ്പോൺസർ ചെയ്തു.

**ആശാകിരണം**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലാവൻഡർ ആർമിയുടെ ഭാഗമായി വിവിധ സ്കൂളുകളിൽ മെഡിക്കൽ കിറ്റുകളും എജുക്കേഷണൽ കിറ്റുകളും വിതരണം ചെയ്തു. സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി കിറ്റുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. അരിമ്പൂർ HSS,സെന്റ് ജോസഫ് സ്കൂൾ കുരിയച്ചിറ, ഹോളിക്രോസ് സ്കൂൾ ആർത്താറ്റ്, ഗുഡ് ഷെപ്പേർഡ് സെൻട്രൽ സ്കൂൾ മുല്ലശ്ശേരി, ഫാ.പോൾ ചിറ്റിലപ്പിള്ളി മെമ്മോറിയൽ സ്കൂൾ ഏങ്ങണ്ടിയൂർ, സെന്റ തോമസ് HSS തിരൂർ, സെന്റ് റാഫേൽ സ്കൂൾ കല്ലൂർ,ജീസസ് അക്കാദമി തലോർ, RCUPസ്കൂൾ തൊയക്കാവ് എന്നീ സ്കൂളുകളിലാണ് കിറ്റുകൾ നൽകിയത്.

**സേവ് എ ഫാമിലി പ്ലാൻ**

തൃശൂർ കോർപ്പറേഷൻ ക്ലസ്റ്ററിലെയും തൃശൂർ ക്ലസ്റ്ററിലെയും ഗുണഭോക്താക്കൾക്കായി സേവ് എ ഫാമിലി പ്ലാൻ 2022 നവംബർ 28 ന് ലൂർദ് കത്ത്രീഡ്രലിൽ 2 ക്ലസ്റ്റർ മീറ്റിംഗുകൾ നടത്തി. ഫണ്ട് വിനിയോഗത്തിന്റെ പുതിയ രീതികളെയും വിധങ്ങളെയും കുറിച്ച് ഗുണഭോക്താക്കൾക്കളെ പരചയപ്പെടുത്തുക എന്നതായിരുന്നു ക്ലസ്റ്റർ മീറ്റിംഗുകളുടെ ലക്ഷ്യം. പ്രവർത്തന റിപ്പോർട്ടിനായുള്ള പുതിയ നിയമങ്ങളും നടപടി ക്രമങ്ങളും SAFP കോർഡിനേറ്റർ ശ്രീമതി അനു വി എസ് വിശ

ദീകരിച്ചു. കാൻകെയർ,സാന്ത്വനം സർക്കൽസ് തുടങ്ങിയ സാന്ത്വനത്തിന്റെ വിവിധ പരിപാടികളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും ഡയറക്ടർ ഗുണഭോക്താക്കളോട് സംസാരിച്ചു. ഉച്ചയ്ക്ക് 2.30 ന് തൃശൂർ ക്ലസ്റ്ററിനായുള്ള യോഗം ഇതേ സ്ഥലത്ത് നടന്നു. SAFP കോർഡിനേറ്ററുടെ നേതൃത്വത്തിലായിരുന്നു ഈ യോഗം.പാലയൂർ ക്ലസ്റ്ററിലെ പതിനൊന്ന് ഗുണഭോക്താക്കളുടെ വീടുകളിൽ ഭവന സന്ദർശനം നടത്തി. പ്രോജക്ട് കോർഡിനേറ്ററുടെ നേതൃത്വത്തിൽ നടന്ന ഭവന സന്ദർശനത്തിൽ ട്രെയിനികളും പങ്കെടുത്തു.

**മുല്ലകൃഷി**

മുല്ലകൃഷി പരിപാലനത്തോടനുബന്ധിച്ച് കർഷകർക്കായി രണ്ടാംഘട്ട സെമിനാർ 2022 ഡിസംബർ 3 ന് ചുവന്നമണ്ണ് സെന്റ് ജോസഫ് പള്ളിയിൽ വെച്ചു നടന്നു. കാർഷിക സർവകലാശാല അസി. പ്രൊഫ.ഷെരോൺ ഫെർണാണ്ടസ് ക്ലാസ് നയിച്ചു.ഡോ.ഫാ.ജോസ് വട്ടക്കുഴി, റവ.ഫാ.ആന്റോസ് എലുവത്തിങ്കൽ തുടങ്ങിയവർ സംസാരിച്ചു.

**പാവനിർമാണം**

സ്ത്രീകൾക്കായുള്ള പുതിയ തൊഴിൽ സംരഭത്തിന്റെ ഭാഗമായി പാവനിർമാണ പരിശീലനത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

**സെമിനാർ സംഘടിപ്പിച്ചു.**

വീട്ടിലുണ്ടാകുന്ന ഭക്ഷണങ്ങൾ ഓൺലൈൻ വിപണനം ചെയ്യാൻ വീട്ടമ്മമാരെ സഹായിക്കുന്ന ഹോം ഫുഡ് വിപണന പ്ലാറ്റ്ഫോമായ ഷീറോ കേരളത്തിൽ പ്രത്യേകിച്ച് തൃശൂർ ജില്ലയിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ തൃശൂർ വ്യാകുലമാത ബസിലിക്ക പള്ളിയിൽ ആദ്യത്തെ സെമിനാർ സംഘടിപ്പിച്ചു.30–ൽ പരം വനിതകൾ പങ്കെടുത്ത പരിപാടിയിൽ ശ്രീ.സന്തോഷ് നാരായണൻ,ശ്രീമതി നിമ്മി വർഗീസ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.ഡോ.ഫാ.ജോസ് വട്ടക്കുഴി, റവ.ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത് എന്നിവർ സംസാരിച്ചു.

**മാർതോമാശ്ലീഹായുടെ ഭാരത പ്രവേശന തിരുനാൾ ആഘോഷിച്ചു.**

ഭാരത അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ രക്തസാക്ഷ്യത്തിന്റെ 1950–ാം ജൂബിലി വർഷത്തിൽ തോമാശ്ലീഹായുടെ ഭാരത പ്രവേശന തിരുനാൾ ഈ വർഷം നവംബർ 21 ന് പാലയൂർ മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ ആഘോഷിച്ചു. ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് ബ്ലാങ്ങാട് കടൽതീരത്തുള്ള സാന്ത്വനം പ്രാർത്ഥനാലയത്തിൽ അഭിവന്ദ്യ ആൻഡ്രൂസ്

പിതാവിന്റെ കാർമികത്വത്തിൽ മാർതോമാശ്ലീഹായുടെ നൊവേനയും ലദീഞ്ഞും അതിനുശേഷം തോമാശ്ലീഹായുടെ തിരുശേഷിപ്പ് പ്രദക്ഷിണവും നടന്നു. തുടർന്ന് തിരുശേഷിപ്പുകൊണ്ട് കരയും,കടലും ആശീർവദിക്കുന്നതോടൊപ്പം മത്സ്യതൊഴിലാളികളെയും ആശീർവദിച്ചു. അവരുടെ വള്ളം,ബോട്ട്,വല എന്നിവയുടെ വെഞ്ചിരിപ്പും പിതാവ് നിർവഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, ആർച്ച് പ്രീസ്റ്റ് ഡോ.ഡേവീസ് കണ്ണമ്പുഴ, സഹവികാരി ഫാ.മിഥുൻ വടക്കേത്തല എന്നിവർ സന്നിഹിതരായിരുന്നു.

**ഭവനനിർമാണം**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ചെയ്തുവരുന്ന ഭവനനിർമാണം തയ്യൂർ, വിയ്യൂർ,തിരുവില്വാമല എന്നീ സ്ഥലങ്ങളിൽ പുരോഗമിക്കുന്നു. മാർതോമാശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് വൈലത്തൂർ പണിയാൻ ഉദ്ദേശിക്കുന്ന ഭവനങ്ങളുടെ സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകി.

**സജീവം പദ്ധതി**

കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവീസ് സൊസൈറ്റിയും ചേർന്ന് നടപ്പിലാക്കുന്ന Wake up Kerala “Rise up Save Your Children & Shine” സംസ്ഥാനതല ലഹരി വിരുദ്ധ പ്രചരണം “സജീവം” 2022 ഡിസംബർ 5 ന് പാലാരിവട്ടം പിഒസിയിൽ വച്ച് ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ സാന്ത്വനം അസി.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി സംബന്ധിച്ചു. സംസ്ഥാനത്തെ 32 രൂപതകളെയും 5 വ്യത്യസ്ത സോണുകളുമായി തിരിച്ച് കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്ന സ്റ്റിയറിംഗ് കമ്മിറ്റി അംഗമായി ഫാ.ജോസ് വട്ടക്കുഴി തിരഞ്ഞെടുക്കപ്പെടുകയും സജീവം പ്രോജക്ടിന്റെ ഭാഗമാകാൻ സാന്ത്വനത്തിന് സാധിക്കുകയും ചെയ്തു.

**ആദരാഞ്ജലികൾ**

അന്തരിച്ച സാന്ത്വനം മുൻ ഡയറക്ടർ പ്രിയ ബഹുമാനപ്പെട്ട ഫാ.ലൂയിസ് എടക്കളത്തൂരച്ചന് ആദരാഞ്ജലികൾ.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



**ക്രിസ്തുമസ് കാർഡ് മത്സരം**

ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി 12–ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ക്രിസ്തുമസ് കാർഡ് മത്സരം സംഘടിപ്പിച്ചു. കുട്ടികളുടെ കഴിവുകളെയും ക്രിയാത്മകതയെയും വളർത്താനും പ്രോത്സാഹിപ്പിക്കാനും ക്രിസ്തുമസിന്റെ സന്തോഷം പങ്കിടാനും മത്സരം കാരണമായി. കുട്ടികളിൽ നിന്നു ലഭിച്ച ക്രിസ്തുമസ് കാർഡുകൾ അവരുടെ പേരിൽ തന്നെ വിയ്യൂർ സെൻട്രൽ ജയിലിലെ സഹോദരങ്ങൾക്ക് സ്നേഹസമ്മാനമായി നൽകാൻ സാധിച്ചു.

**അതിരൂപതാതല സമ്മാനദാനം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതതലത്തിൽ നടത്തിയ കലാമത്സരങ്ങൾക്കും, സാഹിത്യമത്സരങ്ങൾക്കും, സാന്തോം ക്വിസ്സിലും, ക്രിസ്തുമസ് കാർഡ് മത്സരത്തിലും സമ്മാനാർഹരായവർക്കുള്ള സമ്മാനദാനം ജനുവരി 29 ഞായറാഴ്ച്ച ഉച്ചയ്ക്ക് 1.30 മുതൽ 5.00 വരെ നടത്തപ്പെടുന്നു. അന്നേ ദിവസം തന്നെ ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളക്ഷൻ, പ്രയർ ഫ്രണ്ട് കളക്ഷൻ, ജീസസ്സ് ബെർത്തഡേ പാർട്ടി സംഭാവന കൂപ്പൺ എന്നിവയിൽ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റിനുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. സമ്മാനാർഹരായവർ അന്നേദിവസം കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ടാരാധിക്കുകയും ചെയ്തു. നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ച്ചയർപ്പിച്ചു." (മത്തായി 2: 11)

**സുകൃതജപം:** ഈശോയെ ശുദ്ധ ഹൃദയത്തോടെ അങ്ങയെ അന്വേഷിക്കുവാൻ എനിക്ക് വരമരുളണമേ!

**പ്രാർത്ഥനാ നിയോഗം:** ഭാരതത്തിൽ ഐക്യവും സാഹോദര്യവും മത സൗഹാർദവും നിലനിൽക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വാനവസഹജനായ വേദപാരംഗതൻ വിശു

ദ്ധരിൽവെച്ച് വിജ്ഞൻ വിജ്ഞരിൽ വെച്ച് വിശുദ്ധൻ കത്തോലിക്കാ കലാശാലകളുടെ മദ്ധ്യസ്ഥൻ വിനയമൂർത്തി എന്നിങ്ങനെ അപരനാമങ്ങൾ സിദ്ധിച്ചിട്ടുള്ള വി. തോമസ് അകിനസ് ആയിരിക്കട്ടെ ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. ജനുവരി 28 ന് വിശുദ്ധന്റെ തിരുനാൾ തിരുസഭയിൽ കൊണ്ടാടുന്നു.

**പ്രവർത്തനം:** ആഘോഷങ്ങൾക്ക് ചിലവാക്കുന്ന പൈസ കൊണ്ട് ഏതെങ്കിലും ഒരാളെ സഹായിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

## മദ്യവിരുദ്ധ സമിതി

**1. ശ്രാദ്ധാഞ്ജലി**

12.11.22 ൽ സമിതിയിൽ നിന്നും ഒരു വർഷത്തിനിടെ മരണം മൂലം വേർപ്പെട്ട പ്രവർത്തകരെ ആദരിക്കുന്ന ചടങ്ങ് അരങ്ങേറി. വടൂക്കര ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ കാലത്ത് 10 മണിക്ക് അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി. കുർബാനയ്ക്കു ശേഷം അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ അനുസ്മരണ യോഗം ചേർന്നു. വടൂക്കര ഇടവക വികാരി ബഹു. ഫാ. ജോസ് എടക്കളത്തൂർ യോഗത്തിന് സ്വാഗതമോതി. മരണമടഞ്ഞ ഏഴ് പ്രവർത്തകർക്കും ആദരാഞ്ജലികൾ അർപ്പിച്ച് സംസാരിച്ചു. അതിരൂപത സെക്രട്ടറി ടി.എസ്. അബ്രാഹം, മുൻ അതിരൂപത പ്രസിഡന്റ് എം.കെ. ബാബു എന്നിവർ ആശംസകളർപ്പിച്ചു. പരേതനായ തൊമ്മിക്കുഞ്ഞിന്റെ കുടുംബാംഗങ്ങൾ ചടങ്ങുകളുടെ നടത്തിപ്പിന് നേതൃത്വം നൽകി.

**2. ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ**

13.11.22 ഞായറാഴ്ച വെങ്ങിണിശ്ശേരി ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ലഹരിയ്ക്കെതിരെയുള്ള ബോധവൽക്കരണ

സന്ദേശം നൽകി.

18.11.22 ൽ പൊങ്ങണംകാട് സെന്റ് എലിസബത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അതിരൂപത മദ്യവിരുദ്ധ സമിതിയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പയിൻ അരങ്ങേറി. പൊങ്ങണംകാട് സെന്റ് മേരീസ് ഇടവക വികാരി ബഹു. ഫാ. തോമസ് ചൂണ്ടലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ ഉദ്ഘാടകനായത് അതിരൂപത ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ്. അതിരൂപത പ്രസിഡന്റ് ദൃശ്യ-ശ്രാവ്യ മാധ്യമത്തിന്റെ സഹായ ത്തോടെ ക്ലാസ്സെടുത്തു.

20.11.22 ഞായറാഴ്ച കോടന്നൂർ ഇടവക ദൈവാലയത്തിൽ ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് മതബോധന വിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശം നൽകി. കുർബാനയ്ക്ക് ശേഷം കോടന്നൂർ ബാർ വിരുദ്ധ ജനകീയ മുന്നണി ബാറിനെതിരെ നടത്തിവരുന്ന ബാർ വിരുദ്ധ ഗൃഹസത്യഗ്രഹത്തിൽ ഡയറക്ടറച്ചൻ, കൺവീനർ എ.ടി. പോൾസനോടൊപ്പം പങ്കെടുത്തു.

27.11.22 ന് കോടന്നൂർ ഇടവക ദൈവാലയത്തിലെ മതബോധന വിദ്യാർത്ഥികൾക്കായി ലഹരിയ്ക്കെതിരെ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ഇടവക വികാരി ബഹു. ഫാ. ബൈജു കാഞ്ഞിരത്തിങ്കലിന്റെ അനുഗ്രഹാശിസ്സുകളോടെ നടത്തപ്പെട്ട സെമിനാറിൽ ക്ലാസ്സെടുത്തത് അതിരൂപത പ്രസിഡന്റായി രുന്നു. മതബോധന പ്രിൻസിപ്പാൾ ലോജുമോൻ, യൂണിറ്റ് പ്രസിഡന്റ് അഖിൽ പോൾ, സ്കൂൾ ലീഡർ കുമാരി അർഷ മരിയ തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

04.12.22 ഞായറാഴ്ച മുക്കാട്ടുകര ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് അതിരൂപത ഡയറക്ടറച്ചൻ ലഹരി വിരുദ്ധ സന്ദേശം നൽകി. തുടർന്ന് അതിരൂപത പ്രസിഡന്റ് ഇടവക ജനത്തിനായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് എടുത്തു. യോഗത്തിൽ നിന്ന് അടുത്ത ഭരണസമിതി ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**3. യൂണിറ്റ് പുനരുദ്ധാരണം**

പുത്തൂർ ഇടവക യൂണിറ്റിന്റെ പുനരുദ്ധാരണ കർമ്മം 27.11.22 ൽ അരങ്ങേറി. ഡയറക്ടറച്ചൻ കാലത്ത് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. കുർബാനയ്ക്കു ശേഷം യോഗം ചേർന്ന് യൂണിറ്റിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. അതിരൂപത വൈസ് പ്രസിഡന്റ് ശ്രീ. ടി.ടി. കൊച്ചുവർക്കിയാണ് ചടങ്ങുകൾക്ക് നേതൃത്വം കൊടുത്തത്.

**4. കോർ കമ്മിറ്റി മീറ്റിങ്ങ്**

27.11.22 ഞായറാഴ്ച 2 മണിക്ക് അതിരൂപത ഓഫീസിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ആനിമേറ്റർ റവ. സി. റോസ്‌ലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് പ്രസിഡന്റ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ടി.ടി. കൊച്ചുവർക്കി യോഗത്തിന് നന്ദിയരുളി.

**5. എക്സിക്യൂട്ടീവ് മീറ്റിങ്ങ്**

27.11.22 ന് 3 മണിക്ക് എക്സിക്യൂട്ടീവ് യോഗം അതിരൂപത ഓഫീസിൽ കൂടി. റവ. സി. റോസ്‌ലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. ബഹു. ഡയരക്ടറച്ചൻ സ്വാഗതവും ആമുഖപ്രഭാഷണവും ചെയ്തു. തുടർന്ന് ഭാവി പരിപാടികളുടെ നടത്തിപ്പിനായുള്ള ക്രമീകരണ ങ്ങളും അവയുടെ മേൽനോട്ടത്തിന് കൺവീനർമാരേയും നിയമിച്ചു. 03.12.22 ൽ നടത്തുന്ന തിരുപ്രയാണത്തിന് ടി.എസ്. അബ്രാഹം, വനിതാസംഗമത്തിന് ടി.ടി. കൊച്ചുവർക്കി, യുവജന സംഗമത്തിന് ഐ.ജെ. സിജോ, മദ്യവിമുക്ത കുടുംബസംഗമത്തിന് സി.പി. ഡേവീസ് എന്നിവരെ മേൽനോട്ടക്കാരായി നിശ്ചയിച്ചു.

അടുത്ത ഭരണസമിതി രൂപീകരണത്തിന് യൂണിറ്റ് തലങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നുവരുന്ന വാർത്ത പ്രസിഡന്റ് യോഗത്തെ ഓർമ്മപ്പെടുത്തി. ഫൊറോന തലത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിരീക്ഷകരേയും യോഗത്തിൽ നിന്ന് തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റിൻെറ നന്ദിപ്രകടനത്തോടെ യോഗം പര്യവസാനിച്ചു.

**6. കത്തോലിക്ക സഭയിൽ ലേഖനം**

നവംബർ ലക്കം കത്തോലിക്ക സഭ പത്രത്തിൽ 'മക്കളെ ബലി കൊടുക്കരുത്' എന്ന തലക്കെട്ടിൽ ഡയറക്ടറച്ചൻ ശക്തമായ ബോധവൽക്കരണ ലേഖനം എഴുതി. '25 വർഷം പിന്നിട്ട മദ്യവിരുദ്ധ പ്രവർത്തനങ്ങൾ' എന്ന തലക്കെട്ടിൽ പ്രസിഡന്റ് മദ്യവിരുദ്ധ സമിതിയുടെ ചരിത്രത്തേയും പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപവും വരച്ചുകാട്ടി.

**7. വി. ഫ്രാൻസീസ് സേവ്യർ ദിനാചരണം**

ശക്തമായ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കാഴ്ച വച്ച വി. ഫ്രാൻസീസ് സേവ്യറിന്റെ ശ്രാദ്ധ തിരുനാൾ ഈ വർഷവും വിവിധങ്ങളായ പരിപാടികളോടെ ആഘോഷിച്ചു. 03.12.22 ശനിയാഴ്ച 2 മണിക്ക് വേലൂർ സെന്റ് ഫ്രാൻസീസ് സേവ്യർ ഫൊറോന ദൈവാലയം

സന്ദർശിച്ചു. തുടർന്ന് അർണോസ് പാതിരി അക്കാദമിയിൽ യോഗം ചേർന്ന് അർണോസ് പാതിരിയേയും വി. ഫ്രാൻസീസ് സേവ്യറിനേയും അനുസ്മരിച്ചു. അക്കാദമി ഡയറക്ടർ ബഹു. ഫാ. ജോർജ്ജ് തേനാടിക്കുളം എസ്.ജെ., ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, ജോൺ കള്ളിയത്ത് മാസ്റ്റർ എന്നിവർ മഹത്വ്യക്തികളുടെ അപദാനങ്ങൾ പ്രകീർത്തിച്ചു.

തുടർന്ന് മദ്യവിരുദ്ധ സമിതി പ്രവർത്തകർ വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് സേവ്യർ ഫൊറോന ദൈവാലയത്തിൽ എത്തിച്ചേർന്ന് പ്രധാന ആഘോഷ പരിപാടികളിൽ പങ്കെടുത്തു. വി. ഫ്രാൻസീസ് സേവ്യർ അനുസ്മരണവും ഫ്രാൻസീസ് നാമധാരികളെ ആദരിക്കുന്ന ചടങ്ങുകളും അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ പാരിഷ് ഹാളിൽ അരങ്ങേറി. റവ. സി. റോസ്‌ലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ആമുഖപ്രഭാഷണവും നടത്തി. ഫൊറോന വികാരി വെരി റവ. ഫാ. ആന്റണി ചെമ്പകശ്ശേരിയാണ് ദിനാചരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. അസി. വികാരി ബഹു. ഫാ. ഗ്ലാഡ്‌വിൻ വട്ടക്കുഴി, കൈക്കാര പ്രതിനിധി ശ്രീ. ഷാജു ജോസ് എന്നിവർ ആശംസകളർപ്പിച്ചു. സി.വി. ക്ലാര ടീച്ചർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിരൂപത സെക്രട്ടറി ടി.എസ്. അബ്രാഹം യോഗത്തിന് കൃതജ്ഞതാർപ്പണം നടത്തി.

**8. മഹിളാസംഗമം**

അതിരൂപത മദ്യവിരുദ്ധ സമിതി മഹിളാസംഗമം മുളയം സെന്റ് പാട്രിക് ഇടവക ദൈവാലയ ത്തിൽ 04.12.22 ഞായറാഴ്ച 4 മണിക്ക് അരങ്ങേറി. മുളയം മദ്യവിരുദ്ധ സമിതിയുടെയും മാതൃവേദിയുടെയും സഹകരണത്തോടെ നടത്തിയ സംഗമത്തിന് ഫൊറോന പ്രൊമോട്ടർ റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിയിൽ അദ്ധ്യക്ഷനായിരുന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് മുളയം ഇടവക മാതൃവേദി പ്രസിഡന്റ് ശ്രീമതി പ്രിയ ജോജുവാണ് സ്വാഗതം ആശംസിച്ചത്. അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീനയാണ് സംഗമം ഉദ്ഘാടനം ചെയ്തത്. ശ്രീമതി ജെസ്സി തിരൂർ മുഖ്യപ്രഭാഷണത്തിലൂടെ സമ്മേളനം ധന്യമാക്കി. വാർഡ് മെമ്പർ ദീപ അനീഷ്, മുളയം മദ്യവിരുദ്ധ സമിതി ആനിമേറ്റർ റവ. സി. ഡോണ കുമ്പുക്കൽ എന്നിവർ ആശംസകളർപ്പിച്ചു. ശ്രീമതി മേഴ്സി വർഗ്ഗീസിന്റെ ലഹരി വിരുദ്ധ കവിതാലാപനം അത്യാകർഷകമായി. അതിരൂപത വൈസ് പ്രസിഡന്റ് ടി.ടി. കൊച്ചുവർക്കിയാണ് ലഹരി വിരുദ്ധ പ്രതിജ്ഞ

ചൊല്ലിക്കൊടുത്തത്. അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ പ്രാർത്ഥനാശീർവാദം നൽകി. മുളയം മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ശ്രീ. ബേബി പാലോലിക്കലിന്റെ കൃതജ്ഞതാർപ്പണത്തോടെ മഹിളാസംഗമത്തിന് പരിസമാപ്തിയായി. മഹിളാസംഗമത്തിൽ നൂറോളം പേർ പങ്കെടുത്തിരുന്നു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

# ലോഫ്

**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

## 1. LOAF ACADEMIC DAY

2022 ജനുവരി മാസം മുതൽ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Diploma Certificate in Family Theology Course ലൂടെയാണ് ലോഫ് കുടുംബങ്ങൾ കടന്നുപോകുന്നത്. November 20 ലെ Family Theology Courseന്റെ ക്ലാസ്സുകൾ റവ.ഫാ. ടിജോ മുള്ളക്കര (ഡയറക്ടർ നെസ്റ്റ്) നയിച്ചു.

## 2. LOAF CORE MEETING:

ഡിസംബർ മാസത്തെ **LOAF CORE MEETING** 9–ാം തിയതി (ഞായർ) ലോഫ് ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആളൂരിന്റെ അദ്ധ്യക്ഷതയിൽ DBCLC യിൽ വെച്ച് നടന്നു.

## 3. LOAF SPIRITUAL MEETING:-

ഡിസംബർ മാസത്തെ LOAF SPIRITUAL EVENING ഡിബിസിഎൽസി യിൽ വെച്ച്, 10–ാം തിയതി നടന്നു. ജപമാലക്ക് റോബിൻ, സിബിൽ ദമ്പതികളും, ആരാധനയ്ക്ക് ഡോ. ജോണി, ഡോ. ബെറ്റ്സി ദമ്പതികളും എം. സി യായി ബിജു ആന്റണി, ഹിമ ദമ്പതികളും, വി.ബലിക്ക് ലോഫ് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ആളൂരും നേതൃത്വം നൽകി. മാർ ആൻഡ്രൂസ് താഴത്തു പിതാവിന്റെ

മഹനീയ സാന്നിധ്യത്തിൽ ക്രിസ്തുമസ് ആഘോഷവും നടന്നു.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# ജീസസ് യൂത്ത്

**ഫാമിലി ഗാദെറിങ്**

തൃശ്ശൂർ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ ജീസസ് യൂത്തിനെയും അവരുടെ കുടുംബങ്ങളെയും, ഒരുമിപ്പിച്ചുകൊണ്ട് കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ 11.12.2022നു ഉച്ചക്ക് 12 മുതൽ വൈകീട്ട് 5 വരെ 'ഫാമിലി ഗാദെറിങ്' നടന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ്സ് താഴത്ത് പിതാവ് ആഘോഷ പരിപാടിയിൽ പങ്കുചേർന്നുകൊണ്ട് ക്രിസ്തുമസ് സന്ദേശം നൽകുകയും നവദമ്പതികൾക്ക് ആശംകൾ നേരുകയും ചെയ്തു. അഭിവന്ദ്യ പിതാവിന്റെ ജന്മദിനത്തിന്റെയും ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും സന്തോഷം അഭിവന്ദ്യ പിതാവ് കേക്ക് മുറിച്ചുകൊണ്ട് പങ്കുവെച്ചു. ആയിരത്തിൽ അധികം പേർ പങ്കെടുത്ത ഈ പരിപാടിയിൽ ജീസസ് യൂത്ത് ഡയറക്ടർ ബഹു. ഫാ.ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ, അസി. ഡയറക്ടർ ഫാ.ഡെന്നി ചിറയത്ത്, ജീസസ് യൂത്ത് കേരള ക്യാമ്പസ് മിനിസ്ട്രി ചാപ്ലിൻ ബഹു. ഫാ.സൈമൺ ചെറുവത്തൂർ, തൃശ്ശൂർ ജീസസ് യൂത്ത് ആദ്യ കോർഡിനേറ്റർ സി.ഗ്രേസ് തോമസ് സി.എം.സി., സെന്റ് പോൾസ് സ്കൂൾ പ്രിൻസിപ്പാൾ സി.സാന്നിധ്യ സി.എം.സി., സെന്റ് പോൾസ് കോൺവന്റ് സുപ്പീരിയർ സി.ലിറ്റി റാഫേൽ, തൃശ്ശൂർ ജീസസ് യൂത്ത് കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ തുടങ്ങിയവരും സന്നിഹി തരായിരുന്നു. ജനറൽ കോർഡിനേറ്ററും ലൂർദ് സബ്സോൺ കോർഡിനേറ്ററുമായ ഡിബിൻ ഡേവിസ് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

**യൂത്ത് ഈവ്**

തൃശ്ശൂർ അതിരൂപതയിലെ യുവജനങ്ങൾക്കായി എല്ലാ മാസവും സ്പിരിചൽ ഈവെനിംഗ് സമ്മാനിക്കുക എന്ന ലക്ഷ്യത്തോടെ

’യൂത്ത് ഈവ്’ എല്ലാ രണ്ടാം ശനിയാഴ്ചകളിലും വൈകീട്ട് 6.15 മുതൽ 9 വരെ തൃശ്ശൂർ ഡോളേഴ്സ് ബസിലിക്കയിൽവച്ച് നടന്നുവരുന്നു. പ്രയ്സ് & വർഷിപ്, വി. കുർബാന, കുമ്പസാരം, ദിവ്യകാരുണ്യആരാധന തുടങ്ങിയവ ഉൾപ്പെടുന്ന ഈ പരിപാടിയിലൂടെ വലിയ ആത്മീയ വിരുന്ന് തന്നെ യുവജന ങ്ങൾക്കായി ഒരുക്കുന്നു. 9746135144, 8281470654

**ഇൻ ലവിങ് മെമ്മറി ഓഫ് ജെ. വൈ. ഫ്രണ്ട്സ് ഇൻ ഹെവൻ**

സ്വർഗ്ഗഭാഗ്യത്തിനായി വിളിക്കപ്പെട്ട ജീസസ് യൂത്ത് അംഗങ്ങളെ അനുസ്മരിക്കുന്ന ഇൻ ലവിങ് മെമ്മറി ഓഫ് ജെ. വൈ. ഫ്രണ്ട്സ് ഇൻ ഹെവൻ ഈ വർഷവും നവംബർ മാസം നടത്തുകയുണ്ടായി. വേർപിരിഞ്ഞു പോയവരെക്കുറിച്ചുള്ള വീഡിയോകൾ ജീസസ് യൂത്ത് തൃശ്ശൂരിന്റെ യൂട്യൂബ് ചാനലിലൂടെയും മറ്റു സാമൂഹികമാധ്യമങ്ങളി ലൂടെയും ദിവസവും പങ്കുവെക്കുകയും അതാതു ദിവസത്തെ ദിവ്യബലി അവർക്കായി സമർപ്പിച്ചുപ്രാർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ 11/11/2022ന് ഒല്ലൂർ സെന്റ് എവുപ്രസ്യ പിൽഗ്രിം സെന്ററിൽ സ്വർഗ്ഗഭാഗ്യ ത്തിനായി വിളിക്കപ്പെട്ടവരുടെ കുടുംബത്തോടൊപ്പം ജീസസ് യൂത്ത് കൂട്ടുകാരും ഒത്തുചേർന്നു ദിവ്യബലിയിലും ഒപ്പീസിലും സ്നേഹ വിരുന്നിലും പങ്കുകൊണ്ട് വേർപിരിഞ്ഞു പോയവരെ അനുസ്മരി ക്കുവാനും അവരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുവാനും ശ്രമിക്കുകയുണ്ടായി.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

# KCSL

**സംസ്ഥാന സാഹിത്യോത്സവ വിജയികൾ**

ഒക്ടോബർ 8ന് നടന്ന സംസ്ഥാന സാഹിത്യോത്സവത്തിൽ തൃശ്ശൂർ അതിരൂപതയിൽ നിന്ന് സമ്മാനാർഹരായവർ.

UP Water Colour

I[st] Neil Christ N Pulikkan
Nirmalamatha CS East Fort, Thrissur

HS Essay Writing

III[rd] Siya C.R, LFCGHS, Olarikkara, Thrissur

വിജയികൾക്ക് വാർഷിക സമ്മേളനത്തിൽവച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്. അഭിനന്ദനങ്ങൾ.

**അതിരൂപത വാർഷികം ജനുവരി 19ന്**

കെ സി എസ് എൽ തൃശൂർ അതിരൂപതാ വാർഷികം 2023 ജനുവരി 19 വ്യാഴം ഉച്ചതിരിഞ്ഞ് 2ന് തൃശൂർ അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടക്കുന്നു. അതിരൂപതാ കലാസാഹിത്യോത്സവ സമ്മാനങ്ങൾ അന്ന് വിതരണം ചെയ്യുന്നതാണ്.

**അതിരൂപത വിദ്യാർത്ഥി ഭാരവാഹികളുടെ യോഗം**

കെ സി എസ് എൽ അതിരൂപതാ വിദ്യാർത്ഥി ഭാരവാഹികളുടെ യോഗം 2023 ജനുവരി 19 വ്യാഴം ഉച്ചയ്ക്ക് 11.30ന് ചേരുന്നു. അതിരൂപതാ വിദ്യാർത്ഥി ഭാരവാഹികൾ യോഗത്തിന് എത്തിച്ചേരേണ്ടതാണ്.

**സ്റ്റേറ്റ് ക്യാമ്പ് തൃശൂരിൽ**

2022–2023 അധ്യയന വർഷത്തെ സംസ്ഥാന നേതൃത്വ പരിശീലനക്യാമ്പും 2023–24 അധ്യയന വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും തൃശൂർ അതിരൂപതയിൽ വച്ചാണ് നടക്കുന്നത്. സ്ഥലവും തിയ്യതിയും പിന്നീട് അറിയിക്കാം.

**ഫാ. ജോയ് അടമ്പുകുളം**
ഡയറക്ടർ

# കെ. എൽ. എം.



**മാനസീക ശാരീരിക വൈകല്യങ്ങളുള്ള കുട്ടികളുടേയും സ്ത്രീകളുടേയും ശക്തീകരണം**

ഒന്നിച്ചു നിന്ന് അതിജീവിക്കാം എന്ന ആഹ്വാനവുമായി കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ മാനസീക ശാരീരിക വൈകല്യമുള്ള കുട്ടികളുടേയും സ്ത്രീകളുടേയും ശക്തീകരണം ലക്ഷ്യം വച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. താഴെ വിവരിക്കുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

**1. മാനസീക ശാരീരിക വൈകല്യമുള്ള കുട്ടികളുടെ സംഗമവും മാതാപിതാക്കൾക്ക് പരശീലനവും :**

2022 ആഗസ്റ്റ് 23 ന് ചിയ്യാരം ഹോളി ഫാമിലി പള്ളി ഹാളിൽ സംഘടിപ്പിച്ചു. തൃശൂർ അതിരൂപതയുടെ അതിർത്തിയിൽ ഉൾപെട്ട വിവിധ പ്രദേശങ്ങളിൽ പിന്നും 60 കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു. കുട്ടികൾക്ക് വേണ്ടി നടത്തിയ പരിപാടികൾക്ക് വിഭിന്നശേഷിക്കാരായ ഹെൻറിയും അലീനയും ബധിരവിദ്യാലയമായ പടവരാട് ആശാഭവനിൽ നിന്നുള്ള സിസ്റ്റർമാരും നേതൃത്വം നല്കി. ഈ കുട്ടികളോടൊപ്പം എത്തിയ അവരുടെ മാതാപിതാക്കൾക്കുള്ള പരിശീലന പരിപാടികൾക്ക് സി. പ്രിജ ക്ളെയർ, സി. മെൽവി എന്നിവർ നേതൃത്വം കൊടുത്തു. കെ.എൽ.എം. അതിരുപത പ്രസിഡന്റ് ബിജു ചിറയത്ത് അദ്ധ്യക്ഷതയും സംസ്ഥാന സെക്രട്ടറി ഷീജൻ ചിറമ്മേൽ ഉദ്ഘാടനവും നിർവഹിച്ചു. ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ പദ്ധതിയെ പരിചയപ്പെടുത്തുകയും തുടർപരിപാടികളെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു. മോളി ജോബി, ജഗൻ മുല്ലശ്ശേരി ജോസ് മാടാനി, ഷാജു ആന്റണി, ആന്റോ പോൾ, ജോയ് മാളിയേക്കൽ, ബീന പോൾ, സാബു മഞ്ഞളി, ഷിജു ആറുകണ്ടത്തിൽ, ലിസി ബാബു, ആനി സണ്ണി തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**2. സാമൂഹ്യ സുരക്ഷ പദ്ധതികളുടെ അവതരണവും ഭിന്നശേഷിക്കാരായ മക്കളുള്ള മാതാപിതാക്കളുടെ ശക്തീകരണവും (2022 സെപ്തംബർ 22) :**

കെ.എൽ.എം. ന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടിക ളുടെ അസംഘടിത തൊഴിലാളികളായ മാതാപിതാക്കൾക്കും കുടുംബങ്ങൾക്കും ആവശ്യമായ സുരക്ഷ പദ്ധതികളെ പരിചയപ്പെടുത്തിക്കൊണ്ട് സെമിനാർ സംഘടിപ്പിച്ചു. ഷാജു ആന്റണി സെമിനാറിന് നേതൃത്വം നല്കി. ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ബിജു ചിറയത്ത് അദ്ധ്യക്ഷത വഹിച്ചു.

**3. സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ (2022 സെപ്തംബർ 30):** ഭിന്നശേഷിക്കാരായ വ്യക്തികളുടെ സുരക്ഷ അവർ വസിക്കുന്ന സമൂഹത്തിന്റെ ഉത്തരവാദിത്തം കൂടിയാണ് എന്ന് ഓർമിപ്പിച്ചുകൊണ്ട് കെ.എൽ.എം. ന്റെ നേതൃത്വത്തിൽ പൊതുസമ്മേളനവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. ബിജു ചിറയത്ത് അദ്ധ്യക്ഷതയും ഫാ. ജോർജ് തോമസ് ഉദ്ഘാടനവും നിർവഹിക്കുച്ചു. ശ്രീമതി മോളി ജോബി വിഷയാവതരണം നടത്തി. ഷീജൻ മാത്യൂ, ആന്റോ പോൾ, ജോയ് മാളിയേക്കൽ എന്നിവർ നേതൃത്വം നല്കി.

**4. ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉല്ലാസയാത്രയും പരിശീലന പരിപാടികളും (2022 ഒക്ടോബർ 28) ;**

കെ.എൽ.എം. ന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ മാനസികോല്ലാസത്തിന് സഹായമായ രീതിയിൽ ഒരു ഉല്ലാസയാത്രയും പരിശീലന പരിപാടികളും സംയുക്തമായി സംഘടിപ്പിച്ചു. തൃശൂർ കോൾ പാടങ്ങളിലൂടെ ഒഴുകി അറബിക്കടലിൽ ഉൾചേരുന്ന കരുവന്നൂർ എനാമ്മാവ് ബണ്ട്, കനോലി കനാൽ, ചേറ്റുവ മുനമ്പം എന്നിങ്ങനെയായി വ്യാപിച്ചു കിടക്കുന്ന കായൽ പരപ്പിലൂടെ സംഘടിപ്പിച്ച ബോട്ടുയാത്ര മിക്കവർക്കും ഒരു പുതിയ അനുഭവ മായിരുന്നു. പരിശീലന പരിപാടികൾക്ക് സി. ടെസ്മി തരകൻ, സി. പ്രിജ ക്ളെയർ എന്നിവർ നേതൃത്വം നല്കി. പങ്കെടുത്ത കുട്ടികൾ പ്രസംഗം, കവിത ചൊല്ലൽ, ലളിതഗാനം, മൈം, മിമിക്രി എന്നിങ്ങനെ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ബിജു ചിറയത്ത്, ആന്റോ പോൾ, ജോയ് മാളിയേക്കൽ, ഷീജൻ മാത്യൂ, ആൻഡ്രൂസ് തുടങ്ങിയവർ നേതൃത്വം നല്കി.

**5. ഭിന്നശേഷിക്കാരായ സ്ത്രീകൾക്ക് സംരംഭക പരിശീലന പദ്ധതികൾ (29.11.2022, 6.12.2022) :**

കെ.എൽ.എം. സമിതിയുടെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാ രായ മുതിർന്ന സ്ത്രീകൾക്ക് 29.11.2022 ചൊവ്വാഴ്ച തൃശൂർ പുല്ലഴിയിലുള്ള സെന്റ് ജോസഫ് ഭവൻ മെന്റൽ ഹെൽത്ത് കെയർ ഹോമിൽ വച്ച് ഡിറ്റർജന്റ് & സോപ്പ് നിർമ്മാണം പഠിപ്പിക്കുന്ന ക്യാമ്പ് സംഘടിപ്പിച്ചു. ഫാ. രാജു അക്കര പരിപാടി ഉദ്ഘാടനം ചെയ്യുകയും ബിജു ചിറയത്ത് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. ശ്രീ വർഗീസ് പോൾ ചിരിയത്ത് നയിച്ച ക്ലാസ്സിൽ 40 ഭിന്നശേഷിക്കാരായ സ്ത്രീകൾ പങ്കെടുത്തു. 06.12.2022 ചൊവ്വാഴ്ച തൃശൂർ പെരിങ്ങണ്ടൂർ പോപ്പ് ജോൺ പോൾ പീസ് ഹോമിൽ സംഘടിപ്പിച്ച ഡ്രൈ ഫ്ളവർ നിർമ്മാണ പരിശീലന പരിപാടി ഫാ. സെബി കവലക്കാട്ട് ഉദ്ഘാടനം ചെയ്യുകയും ബിജു ചിറയത്ത് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. ഭിന്നശേഷിക്കാരായ സ്ത്രീകളും അവരെ സഹായിക്കുന്ന സിസ്റ്റേഴ്സും മറ്റ് സ്ത്രീകളും ഉർപെടെ 42 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്ന മാഗി ഒല്ലൂർ ക്ലാസ് നയിച്ചു. ആന്റോ പോൾ, ജോയ് മാളിയേക്കൽ, ജഗൻ മുല്ലശ്ശേരി, മോളി ജോബി, ഷാജു യന്റണി, ജോസ് മാടാനി, ഷീജൻ

മാത്യൂ, ലിസി ബാബു തുടങ്ങിയവർ നേതൃത്വം നല്കി.

**കെ.എൽ.എം. ഡയമണ്ട് ജൂബിലി (2019) മരണാനന്തര സഹായ പദ്ധതി വിഹിതം**

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച് നടന്നുവരുന്ന ഡയമണ്ട് ജൂബിലി (2019) മരണാനന്തര സഹായ പദ്ധതിയിൽ അംഗമായിരിക്കെ നിര്യാതനായ പാലക്കൽ യൂണിറ്റംഗം ചക്കാലക്കൽ അന്തോണി ജോസിന്റെ ഭവനം സന്ദർശിച്ച് പദ്ധതി തുകയായ 130,000 രൂപ കുടുംബാംഗങ്ങൾക്ക് കൈമാറി.

**കെ.എൽ.എം. യൂണിറ്റുകളിലും മേഖലകളിലും (ഫൊറോന) തിരഞ്ഞെടുപ്പുകൾ പൂർത്തിയായി**

കേരള ലേബർ മൂവ്മെന്റിന്റെ യൂണിറ്റുകളിലും മേഖല (ഫൊറോന)കളിലും 2023, 2024 വർഷങ്ങളിലേക്കുള്ള സമിതികളെ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി തിരഞ്ഞെടുക്കുകയുണ്ടായി. യൂണിറ്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട തിരഞ്ഞെടുപ്പ് യോഗങ്ങളിൽ നിരീക്ഷകരായി അതിരൂപത സമിതിയിൽ നിന്നും ഭാരവാഹികൾ പങ്കെടുക്കുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭാരവാഹികൾക്ക് അതിരൂപത കെ.എൽ.എം. നേതൃത്വത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

**സെക്രട്ടറിയേറ്റ് ധർണ്ണ**

കേരളത്തിലെ തൊഴിലാളികളിൽ വളരെയേറെ പേർ വിവിധ ക്ഷേമാവശ്യങ്ങൾക്കും സുരക്ഷക്കും ആശ്രയിക്കുന്ന ക്ഷേമനിധി ഫണ്ടുകളുടെ നേതൃത്വത്തിൽ ഉള്ള ബോർഡംഗങ്ങൾ കാണിക്കുന്ന കെടുകാര്യസ്ഥതയെ പൊതുസമൂഹത്തിന്റെയും ഭരണാധികാരികളുടേയും ശ്രദ്ധയിൽ കൊണ്ടുവരുവാനും മുടങ്ങിക്കിടക്കുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉടൻവിതരണം ചെയ്യുവാനം ആവശ്യപ്പെട്ടുകൊണ്ട് കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ എച്ച്.എം.എസ്.ന്റെ സഹകരണത്തോടെ 2022 ആഗസ്റ്റ് 12 ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സംസ്ഥാന സെക്രട്ടറിയേറ്റ് ധർണ്ണയിൽ തൃശൂരിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. കൂടാതെ തൃശൂരിലെ ക്ഷേമനിധി ഓഫീസിനു മുമ്പിൽ എച്ച്.എം.എസ്. നടത്തിയ ധർണ്ണയിലും നമ്മുടെ അംഗങ്ങൾ പങ്കെടുത്തു.

**വിഴിഞ്ഞം ഐക്യദാർഢ്യ യോഗങ്ങളും പങ്കാളിത്തവും**

സർക്കാരുകളുടെ വിവിധ പദ്ധതികൾ കേരളത്തിലെ

മത്സ്യതൊഴിലാളികൾക്ക് ദോഷമായി ബാധിക്കുന്ന പശ്ചാത്തലത്തിലും വളരെ പ്രത്യേകമായി വിഴിഞ്ഞം പദ്ധതിയുടെ നടത്തിപ്പ് വരുത്തിയിരിക്കുന്ന അപകടാവസ്ഥയിൽ മത്സ്യതൊഴിലാളികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തൃശൂർ കളക്ടറേറ്റ് പടിക്കൽ 2022 ഒക്ടോബർ 19 ന് സംഘടിപ്പിച്ച ധർണ്ണയിലും പിന്നീട് ചാവക്കാടു നിന്ന് ആരംഭിച്ച വാഹന ജാഥയിലും കേരള ലേബർ മൂവ്മെന്റിന്റെ വിവിധ തൊഴിലാളി ഫോറങ്ങളുടെ ഏകോപന സമിതിയായ യു.ടി.എ. യുടെ നേതൃത്വത്തിൽ ഡയറക്ടർ ഫാ. ജോർജ് തോമസ്, ബിജു ചിറയത്ത്, ആന്റോ പോൾ, ജോയ് മാളിയേക്കൽ, ജോസ് മാടാനി, ജരാൾദ് പോൾ, തോമസ് ചിറമ്മേൽ തുടങ്ങീ വളരെ പേർ പങ്കെടുത്തു.

**സാക്രിസ്റ്റൻസ് അസോസിയേഷൻ വാർഷികവും ക്രിസ്തുമസ് ഒരുക്ക ധ്യാനവും**

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വൽ സംഘടിപ്പിക്കപ്പെടുന്ന സാക്രിസ്റ്റൻസ് അസോസിയേഷന്റെ 2022 ലെ വാർഷിക ജനറൽ ബോഡി യോഗം 2022 ഡിസംബർ 5 തിങ്കളാഴ്ച തൃശൂർ ഫാമിലി അപ്പോസ്റ്റലേറ്റ് സെന്ററിൽ സംഘടിപ്പിച്ചു. രാവിലെ 9.30 ന് ക്രിസ്തുമസിന് ഒരുക്കമായി ജെയിൻ ഐ. മേച്ചേരിയുടെ നേതൃത്വത്തിൽ ധ്യാനവും തുടർന്ന് കുമ്പസ്സാരവും നടന്നു. തുടർന്ന് ജിൻസൻ മുട്ടത്തിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച വാർഷിക യോഗം വികാരിജനറൽ മോൺ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ, ഫാ. പോൾ മാളിയമ്മാവ്, ആന്റോ പോൾ, സണ്ണി എടക്കളത്തൂർ, ജോയ്സൻ പുല്ലഴി, ഫ്രാൻസിസ് കിരാലൂർ എന്നിവർ ആശംസകൾ അറിയിച്ചു. വിവാഹ ജീവിതത്തിലും ദൈവാലയശുശ്രൂഷിയായും അമ്പതു കൊല്ലവും ഇരുപത്തി അഞ്ച് കൊല്ലവും പൂർത്തിയാക്കിയവർക്കും ദൈവാലയ ശുശ്രൂഷയിൽ നിന്നും റിട്ടയർ ചെയ്തവർക്കും ഉപഹാരങ്ങൾ നല്കി. സ്നേഹവിരുന്നോടുകൂടി സമ്മേളനം സമാപിച്ചു. ഫൊറോന സമിതി കൺവീനർമാർ നേതൃത്വം നല്കി.

**ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

**ബിജു ചിറയത്ത്**
പ്രസിഡന്റ്

**ഫാ. പോൾ മാളിയമ്മാവ്**
അസി. ഡയറക്ടർ

**ആന്റോ പോൾ**
ജനറൽ സെക്രട്ടറി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**പരേതർക്കായുള്ള ദിവ്യബലി**

മരണമടഞ്ഞ വിൻസെൻഷ്യൻ പ്രവർത്തകരുടെ ആത്മാക്കൾക്കു വേണ്ടി സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ 06–11–2022 ൽ ചേർപ്പ് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വെച്ച് പരേതർക്കുവേണ്ടിയുള്ള ദിവ്യബലിക്ക് സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്ത് കാർമ്മികത്വം വഹിച്ചു. തുടർന്ന് മുൻ സി.സി. പ്രസിഡന്റായിരുന്ന ബ്ര. കെ.എൽ. ആന്റണിയുടെ ശവകുടീരത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥനകൾ അർപ്പിച്ചു. മുൻകാല പ്രവർത്തകർ അടക്കം മുഴുവൻ സി.സി. അംഗങ്ങളും ശുശ്രൂഷകളിൽ പങ്കുകൊണ്ടു.

**വിൻസെൻഷ്യൻ യുവജന ക്യാമ്പ്**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തൃശൂർ അതിരൂപതാകേന്ദ്ര കൗൺസിലിന്റെ നേതൃത്വത്തിൽ വിൻസെൻഷ്യൻ യുവജന ക്യാമ്പ് ഡിസംബർ 3,4 തിയതികളിൽ വെളപ്പായയിലുള്ള വിൻസെൻഷ്യൻ അഭയകേന്ദ്രത്തിൽ വെച്ച് നടന്നു. ഡിസംബർ 3 –ാം തിയതി ശനിയാഴ്ച വൈകീട്ട് 6.00 മണിക്ക് കേന്ദ്ര കൗൺസിൽ പ്രസിഡന്റ് ബ്ര. ജോസ് ജെ. മഞ്ഞളി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡിസംബർ 4 ഞായറാഴ്ച രാവിലെ അതിരൂപതാകേന്ദ്ര കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്ത് ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി. പിന്നീട് നടന്ന വിൻസെൻഷ്യൻ യുവജന നേതൃത്വ രൂപീകരണ ക്ലാസ്സുകൾ ബ്ര. ബിനു കുരിയാക്കോസ് വെളിയനാടും, ബ്ര. ലിറ്റോ പാലത്തിങ്കലും നയിച്ചു. 12 ഏരിയാ കൗൺസിലുകളിൽ നിന്നും നാൽപതോളം യുവജനങ്ങൾ പങ്കെടുത്തു. സി.സി. സെക്രട്ടറി ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി, ബ്ര. അഡ്വ. ജിനോ ജോസ്, സി.സി. യൂത്ത് കോർഡിനേറ്റർ സി. മരിയ ജിനി എന്നിവർ നേതൃത്വം നൽകി.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# എക്യുമെനിസം

**എക്യുമെനിക്കൽ സമ്മേളനവും സെമിനാറും**

മാർത്തോമ്മാശ്ലീഹായുടെ പൈതൃകം സ്വീകരിച്ചവർ ഒരേ മനസ്സോടെ ക്രൈസ്തവദർശനങ്ങളുടെ വളർച്ചയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കുമെന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രസ്താവിച്ചു. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം പ്രമാണിച്ച് തൃശ്ശൂർ എക്യുമെനിക്കൽ ഗ്രൂപ്പും തൃശൂർ അതിരൂപതയും സംയുക്തമായി നടത്തിയ എക്യുമെനിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അഭിവന്ദ്യ പിതാവ്. കൽദായ സുറിയാനി സഭയുടെ നിയുക്ത മെത്രാപ്പോലീത്ത മാർ ഔഗിൻ കുര്യാക്കോസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. ഒരുമിച്ച് യേശുവിനോടൊപ്പം യാത്ര ചെയ്യാനും പ്രാർത്ഥിക്കാനും ശുശ്രൂഷ ചെയ്യാനും ക്രൈസ്തവർക്ക് സാധിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. റവ. ഡോ. ലോറൻസ് തൈക്കാട്ടിൽ, റവ. ഫാ. എ.സി. ആൻറണി റവ. ഡോ.പോൾ പുളിക്കൻ ,റവ. ഫാ. ജേക്കബ് ചാലിശ്ശേരി കോർ എപ്പിസ്കോപ്പ, റവ. ഫാ. ജോൺസൺ ഇ. ജോർജ് എന്നിവർ പ്രസംഗിച്ചു. തൃശ്ശൂർ എക്യുമെനിക്കൽ ഗ്രൂപ്പ് സെക്രട്ടറി പി.സി.കുരിയപ്പനും, തൃശ്ശൂർ എക്യുമെനിക്കൽ ഗ്രൂപ്പ് അംഗങ്ങളും സംഗമത്തിന് നേതൃത്വം നൽകി. നേരത്തെ ചടങ്ങിൽ സിബിസിഐ പ്രസിഡൻറ് ആയി തെരഞ്ഞെടുക്കപ്പെട്ട മാർ.ആൻഡ്രൂസ് താഴ്ത്ത് പിതാവിനും കൽദായ സഭയുടെ മെത്രാപ്പോലീത്തയായ നിയുക്തനായ മാർ. ഔഗിൻ കുരിയാക്കോസിനും സ്വീകരണം നൽകി. തൃശ്ശൂർ ഹെവൻലി ബീറ്റ്സ് ക്രിസ്മസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**റവ. ഡോ. പോൾ പുളിക്കൻ**
**ഡയറക്ടർ**

**പി. സി. കുരിയപ്പൻ**
സെക്രട്ടറി



2022 ഡിസംബർ 17 ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും
നിർവഹിക്കപ്പെട്ട വിയ്യൂർ നിത്യസഹായമാത പള്ളി അൾത്താര



വി. സെബസ്ത്യാനോസിന്റെ
തിരുനാൾ
ജനുവരി 20

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.12.2022
**January- 2023**




Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor